# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി 14/1872/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 28/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുമ്പ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി 14/1872/2023 തീയ്യതി: 28/12/2023

## പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-02-2023 മുതൽ 01-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 02-12-2023 | 13-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-12-2023 | 13-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)

ശ്രീമതി.എം.വി.ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.അനിത.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ധനരാജ്.ആർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സദാശിവൻ.എസ് | സെക്രട്ടറി | 01-04-2022 | 17-04-2022 |
| | | 28-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ബിന്ദു.വി | സെക്രട്ടറി | 18-04-2022 | 27-04-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീകുമാർ.എസ് | കൃഷി ഓഫീസർ | 01-04-2022 | 12-09-2022 |
| ശ്രീ.അലക്സിസ്.വി | കൃഷി ഓഫീസർ | 13-09-2022 | 31-03-2023 |
| ഡോ.ജയകൃഷ്ണൻ.ടി.ആർ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുൾ മുനാഫ്.ടി.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-07-2022 |
| ശ്രീ.അരുൺ സേവ്യർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-08-2022 | 31-03-2023 |
| ശ്രീമതി.അനിത.എ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.രശ്മി സൂസൻ മാത്യു | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 10-05-2022 |
| ഡോ.മജീഷ് ആന്റണി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 11-05-2022 | 31-03-2023 |
| ഡോ.സ്മിത.എം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 17-10-2022 |
| ശ്രീമതി.സിമി സോമരാജൻ | അസിസ്റ്റന്റ് സെക്രട്ടറി | 18-10-2022 | 31-10-2022 |
| ശ്രീമതി.അജിത.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി.പ്രസന്ന.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2022 | 31-05-2022 |
| ശ്രീമതി.ഷിൻസി.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-06-2022 | 31-03-2023 |
| ശ്രീമതി.അനുഷ.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2022 | 31-03-2023 |
| ശ്രീമതി.ദിവ്യ.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 08-01-2023 |
| ശ്രീ.അഭിജിത് കെ ദീപക് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 09-01-2023 | 02-02-2023 |
| ശ്രീമതി.ശ്രുതി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-02-2023 | 31-03-2023 |
| ശ്രീമതി.ലൈല.എം | പ്രധാനാധ്യാപിക | 01-04-2022 | 30-06-2022 |
| ശ്രീമതി.ഗിരിജ.കെ.ജി | പ്രധാനാധ്യാപിക | 01-07-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ കൃത്യതയില്ല | 1-1-2 |
| 4 | ചെക്കുകൾ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും കളക്ഷൻ ആയില്ല | 1-1-3 |
| 5 | കാലാവധി കഴിയാത്ത ചെക്കുകൾ “Stale Cheque” എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി | 1-1-4 |
| 6 | MNREGS ചെലവ് തുക വാർഷിക കണക്കിൽ കുറവായി രേഖപ്പെടുത്തി | 1-1-5 |
| 7 | സ്ഥിരനിക്ഷേപത്തിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ കുറവായി രേഖപ്പെടുത്തി | 1-1-6 |
| 8 | വാർഷിക കണക്കിലെ ഗുണഭോക്തൃവിഹിതം നീക്കിയിരിപ്പിൽ കൃത്യതയില്ല | 1-1-7 |
| 9 | KURDFC ലോൺ അക്കൗണ്ട് നീക്കിയിരിപ്പിൽ കൃത്യതയില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ | 1-11 |
| 20 | ജി.ഐ പോളുകളുടെ വാർഷിക വാടക ഈടാക്കുന്നില്ല | 1-12 |
| 21 | വസ്തുനികുതി നിർണ്ണയം വിലയിരുത്തൽ | 1-13 |
| 22 | 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ | 1-13-1 |
| 23 | സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് (MSME) ബാധകമായ വസ്തുനികുതി ഈടാക്കുന്നില്ല | 1-13-2 |
| 24 | നിയമാനുസൃത ഇളവ് അനുവദനീയമല്ലാത്ത കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകി | 1-13-3 |
| 25 | ലൈസൻസില്ലാതെ ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 1-14 |
| 26 | കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് ലൈസൻസ് അനുവദിച്ചു | 1-15 |
| 27 | ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമല്ല | 1-16 |
| 28 | തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി - ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങളിൽ അപാകം | 1-17 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-18 |
| 30 | എ.ബി.സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-19 |
| 31 | ഹരിതകർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-20 |
| 32 | ആർട്ട്കോയിൽ നിന്നുള്ള വാങ്ങൽ - നടപടിക്രമങ്ങളിൽ അപാകങ്ങൾ | 1-21 |
| 33 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുടർനിരീക്ഷണം നടത്തേണ്ടതാണ് | 1-22 |
| 34 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-23 |
| 35 | പട്ടികജാതി ബിരുദ വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-24 |
| 36 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വാങ്ങൽ നടപടികളിൽ അപാകം | 1-25 |
| 37 | എസ്.സി വനിതാ തൊഴിൽ സേനയ്ക്കുള്ള കാർഷികയന്ത്രം വാങ്ങൽ - രേഖകളുടെ സൂക്ഷിപ്പിൽ അപാകത | 1-26 |

| | | |
|---|---|---|
| 38 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ | 1-27 |
| 39 | ഹരിത കർമ്മസേനയ്ക്കായുള്ള സ്ഥിരം എം.സി.എഫ് നിർമ്മാണം പ്രാവർത്തികമാക്കിയില്ല | 1-28 |
| 40 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ് | 1-29 |
| 41 | മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചതിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 1-30 |
| 42 | കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു | 1-30-1 |
| 43 | ജനകീയ ഹോട്ടൽ അറ്റകുറ്റപ്പണിക്ക് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു | 1-30-2 |
| 44 | ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-31 |
| 45 | നടപടിക്രമങ്ങളിലെ കാലതാമസം കാരണം പ്രവൃത്തിയുടെ പൂർത്തീകരണം വൈകി | 1-32 |
| 46 | ഫർണീച്ചറുകൾ നേരിട്ട് വാങ്ങിയതിൽ മാനദണ്ഡങ്ങൾ പാലിച്ചില്ല | 1-33 |
| 47 | MGNREGS മെറ്റീരിയൽ പ്രവൃത്തികളിൽ വിതരണക്കാരന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് - വിവിധ പത്രികകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 6(1)/25-8-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25-08-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

സ്ഥലം: പാലക്കാട്

തീയതി: 28-12-2023

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62-ഇ, എഫ് പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ കൃത്യതയില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10261894 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12747836 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ തുകകൾ പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ചെക്കുകൾ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും കളക്ഷൻ ആയില്ല**

തനത് ഫണ്ട് അക്കൗണ്ടിന്റെ ( അക്കൗണ്ട് നം. PSCB കൊടുമ്പ്(368)) 2023 മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ വിവിധ ചെക്കുകളിലായി 1500 രൂപ "Cheque Deposited But Not Collected" എന്ന് രേഖപ്പെടുത്തികാണുന്നു. 'ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ്' ആയി രേഖപ്പെടുത്തിയിട്ടുള്ള തുക 30.11.2023 തീയതി വരെയും കളക്ഷൻ ആയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 15204 | 15.03.2021 | 1000 |
| 2 | 15208 | 15.03.2021 | 500 |
| **ആകെ** | | | **1500** |

കളക്ഷൻ ആകാത്ത ചെക്കുകൾ നൽകിയവർക്കെതിരെ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-1-4 കാലാവധി കഴിയാത്ത ചെക്കുകൾ "Stale Cheque" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി**

'Liability In Respect Of Stale Cheque' എന്ന ഇനത്തിൽ (കോഡ്-350800101, RP-35(R) 144900 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. 31.03.2023 തീയതിയിലെ കാലാവധി കഴിയാത്ത ചെക്കുകളും ഈ ഇനത്തിൽ ഉൾപ്പെട്ടുകാണുന്നു. ഏതാനും ചില ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 123456 | 31-03-2023 | 15000 |
| 2 | 123456 | 31-03-2023 | 30000 |
| 3 | 123 | 31-03-2023 | 6000 |

**1-1-5 MNREGS ചെലവ് തുക വാർഷിക കണക്കിൽ കുറവായി രേഖപ്പെടുത്തി**

എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ട് പ്രകാരം ആകെ ചെലവ് 24663310 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം (I6+B3) ആകെ ചെലവ് 7324267/- രൂപ മാത്രമാണ്. 17339043 രൂപയുടെ ചെലവ് വാർഷിക കണക്കിൽ ചേർക്കുവാൻ വിട്ടുപോയത് ക്രമീകരിച്ചിട്ടില്ല.

**1-1-6 സ്ഥിരനിക്ഷേപത്തിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ കുറവായി രേഖപ്പെടുത്തി**

പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക്, കൊടുമ്പ് ബ്രാഞ്ചിൽ 20-5-2022 ന് 13301548 രൂപ നിക്ഷേപിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-12 Investment-General Fund പ്രകാരം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം 11581250 രൂപയാണ്. 2022-23 ൽ സ്ഥിരനിക്ഷേപം പുതുക്കി നിക്ഷേപിച്ചതിനനുസരിച്ച് ബാലൻഷ് ഷീറ്റിലെ നീക്കിയിരിപ്പ് തുക ക്രമീകരിച്ചിട്ടില്ല.

## 1-1-7 വാർഷിക കണക്കിലെ ഗുണഭോക്തൃവിഹിതം നീക്കിയിരിപ്പിൽ കൃത്യതയില്ല

മുൻവർഷത്തെ ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ് 16810 രൂപയും RP30 പ്രകാരം തൻവർഷത്തെ വരവ് 567980 രൂപയുമാണ്. ഗുണഭോക്തൃ വിഹിതം ഇനത്തിലെ വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് 540000 രൂപയാണ്. 44790 രൂപയാണ് നീക്കിയിരിപ്പായി വരേണ്ടത്. വാർഷിക കണക്കിലെ B4 ഷെഡ്യൂളിൽ 169790 രൂപയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. നീക്കിയിരിപ്പിലെ 125000 രൂപയുടെ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

## 1-1-8 KURDFC ലോൺ അക്കൗണ്ട് നീക്കിയിരിപ്പിൽ കൃത്യതയില്ല

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ സംസ്ഥാന വിഹിതമായി ലഭിച്ച 1500000 രൂപ വാർഷിക കണക്കിൽ Secured Loans(R) (RP31-330500201) തെറ്റായി ഉൾപ്പെടുത്തി. KURDFC ലോണിന്റെ യഥാർത്ഥ നീക്കിയിരിപ്പ് 18688335 രൂപയാണെങ്കിലും വാർഷിക കണക്കിലെ B5-Secured Loans(330500201) പ്രകാരമുള്ള നീക്കിയിരിപ്പ് 20188335 രൂപയാണ്. 1500000 രൂപയുടെ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

## 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ അനുസരിച്ചും സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായും വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

30-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

03-03-2023 ലെ തീരുമാനം നം. 1(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 16090482 |
| തൻവർഷം വരവ് | 202067680 |
| ആകെ വരവ് | 218158162 |
| ചെലവ് | 194910715 |
| നീക്കിയിരിപ്പ് | 23247447 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18383079 |
| വരവ് | 40659528 |
| ആകെ | 59042607 |
| ചെലവ് | 30397634 |
| നീക്കിയിരിപ്പ് | 28644973 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. മറ്റ് ഫണ്ടുകളുടെ വരവ്, ചെലവ് വിവരം ഖ. 1-4 ൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് (*) | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 14553000 | 14553000 | 13521779 | 1031221 |
| വികസനഫണ്ട് -എസ്.സി.പി | 0 | 11930000 | 11930000 | 10486750 | 1443250 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11460000 | 11460000 | 9738688 | 1721312 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5006000 | 5006000 | 4608656 | 397344 |
| CFC-അൺടൈഡ് ഗ്രാന്റ്-New | 1179887 | 2681062 | 3860949 | 2765839 (*) | 1095110 |
| CFC-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 0 | 0 | 0 | 0 |
| CFC-ടൈഡ് ഗ്രാന്റ്-New | 2171528 | 3796000 | 5967528 | 2323835 | 3643693 |
| CFC-ടൈഡ് ഗ്രാന്റ്-Spillover | 0 | 747504 | 747504 | 162822 | 584682 |
| CFC-Health Grant-Converion Of Rural PHCs | 0 | 80895 | 80895 | 0 | 80895 |

| | | | | | |
|---|---|---|---|---|---|
| -Welness | | | | | |
| CFC-Health Grant-Diagnostic Infrastruction To PHCs | 0 | 210306 | 210306 | 0 | 210306 |

**(*)** I6 – Rs.2116325 + B3 – Rs.649507 + RP30(P) – Rs. 7 = Rs.2765839.

**കേന്ദ്രാവിഷ്കൃതം**

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| ICDS | 1197523 | 1141676 | 2339199 | 700000 | 1639199 |
| സമ്പൂർണ്ണ ശുചിത്വം | 582880 | 0 | 582880 | 0 | 582880 |
| Swatch Bharath Abhiyan | 0 | 372000 | 372000 | 372000 | 0 |

**ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1 | 899187 | 899188 | 898791 | 397 |
| തൊഴിലാളികളുടെ വേതനം, മെറ്റീരിയൽ | 0 | 6425476 | 6425476 | 6425476 | 0 |
| ആകെ | 1 | 7324663 | 7324664 | 7324267 | 397 |

എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ട് പ്രകാരം ആകെ ചെലവ് *24663310* രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം *(I6+B3)* ആകെ ചെലവ് *7324267/-* രൂപ മാത്രമാണ്. *17339043* രൂപയുടെ ചെലവ് വാർഷിക കണക്കിൽ ചേർക്കുവാൻ വിട്ടുപോയിട്ടുണ്ട്. *ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.*

**സംസ്ഥാനാവിഷ്കൃതം**

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 705343 | 0 | 705343 | 0 | 705343 |
| ലൈഫ് | 302379 | 1500000 | 1802379 | 1500649 | 301730(*) |

| | | | | | |
|---|---|---|---|---|---|
| മിഷൻ ഗ്രാന്റ് | | (*) | | | |

(*) സംസ്ഥാന വിഹിതമായി ലഭ്യമായ തുക തെറ്റായാണ് RP-31 Secured Loans(R) (330500201) എന്ന ഹെഡിൽ വരവ് വെച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ സംസ്ഥാന വിഹിതമായതിനാൽ ആയത് കണക്കിലെടുത്താണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 192462809 | 155 | 62240056 | - | 39 | 80 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 7361500 | 5844277 | 79 |
| വെറ്ററിനറി സർജ്ജൻ | 12 | 11 | 3520000 | 2121101 | 60 |
| മെഡിക്കൽ ഓഫീസർ-PHC | 11 | 9 | 2224689 | 1170828 | 53 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 705000 | 684536 | 97 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 13 | 6542850 | 5337349 | 82 |
| വി.ഇ.ഒ | 13 | 13 | 116491633 | 14080660 | 12 |
| HM, GLMS | 7 | 6 | 1388780 | 914872 | 66 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 690000 | 675200 | 98 |
| സെക്രട്ടറി | 30 | 23 | 13727134 | 8687037 | 63 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 90 | 66 | 35836223 | 19859196 | 55 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 3975000 | 2865000 | 72 |
| ആകെ | 194 | 155 | 192462809 | 62240056 | 63 |

വി.ഇ.ഒ യുടെ ചെലവ് ശതമാനം വകയിരുത്തിയ ആകെ തുകയുടെ ഇരുപത് ശതമാനത്തിൽ താഴെ മാത്രമാണ്. വകയിരുത്തുന്ന തുകയുടെ പരമാവധി ചെലവഴിച്ച് ഫണ്ട് ലാപ്സ് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1 | 899187 | 899188 | 898791 | 397 |
| തൊഴിലാളികളുടെ വേതനം, മെറ്റീരിയൽ | 0 | 6425476 | 6425476 | 6425476 | 0 |
| ആകെ | 1 | 7324663 | 7324664 | 7324267 | 397 |

എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ട് പ്രകാരം ആകെ ചെലവ് *24663310* രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം *(I6*-160100628 *+ B3*-312100128*)* ആകെ ചെലവ് *7324267/-* രൂപ മാത്രമാണ്. 17339043/- രൂപയുടെ ചെലവ് വാർഷിക കണക്കിൽ ചേർക്കുവാൻ വിട്ടുപോയിട്ടുണ്ട്. *I6+B3 യിലെ തുകയും I14(C)+I14(F) തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.*

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5214400 | 415 |
| 2 | വിധവാ പെൻഷൻ | 10265200 | 893 |
| 3 | വാർദ്ധക്യകാല പെൻഷൻ | 19120200 | 1797 |
| 4 | വികലാംഗ പെൻഷൻ | 2878400 | 240 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 524800 | 47 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-12-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 46514 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ (13-12-2025 വരെ) ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്. തൊഴിൽ നികുതി, മുൻകൂർ, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ മുതലായവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.
MNREGS ന്റെ ചെലവ് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയിട്ടുണ്ട്. യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കുറവ് തുകയാണ് സ്ഥിരനിക്ഷേപമായി വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതിനുമുമ്പ് അവശ്യം വേണ്ട മേൽപരിശോധന നടത്താതിരുന്നതിനാലാണ് അപാകങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തുന്നു.

തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിന്റെ അഭാവത്തിൽ റിപ്പയർ പ്രവൃത്തികൾ നടത്തുന്നതിനാൽ ക്രമക്കേടുകൾക്കുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിപാലിച്ചുവരുന്ന മൂന്ന് കുടിവെള്ള പദ്ധതികളിലെ ഉപഭോക്താക്കളിൽ നിന്നും കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ ഉണ്ടായിട്ടില്ല. കൃത്യമാക കണക്കെടുത്ത് കുടിശ്ശിക ഈടാക്കേണ്ടതുണ്ട്.

ഒന്നാം നിലയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.
വസ്തു നികുതി പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

3-3-2023 മുതൽ 14-3-2023 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2017-18 മുതൽ 2021-22 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. ഒരു ഖണ്ഡിക മാത്രമാണ് തീർപ്പാക്കുവാനുള്ളത്.

പെർഫോമൻസ് ഓഡിറ്റ് 12/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162(എ)(എ)(i) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നീ വിഷയങ്ങൾ കൈകാര്യ ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

പുതിയ തനത് വരുമാന മേഖലകൾ നിർദ്ദേശിക്കുന്നതിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത്

സമാഹരിക്കുന്നതിലും വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റ്-പിരിവ് പുരോഗതി അവലോകനം നടത്തുന്നതിനും മുൻവർഷങ്ങളിലെയും തൻവർഷത്തേയും വരവിനങ്ങൾ സാമ്പത്തിക വർഷാവസാനം പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലും ഉള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

**എ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം, തീരുമാനങ്ങൾ**

2000 ലെ കേരള പഞ്ചായത്ത്രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടെന്ന് മിനിട്ട്സ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, നികുതി പിരിവ് പുരോഗതി വിലയിരുത്തുക എന്നീ തീരുമാനങ്ങൾ മാത്രമാണ് എടുത്തിട്ടുള്ളത്.

**ബി) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബജറ്റും**

കഴിഞ്ഞ രണ്ട് വർഷത്തെ ബജറ്റ് രേഖകൾ പ്രകാരം പുതിയ നികുതി, നികുതിയേതര ഇനങ്ങൾ ഒന്നുംതന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

- ലൈസൻസുകൾ, കെട്ടിട നിർമ്മാണ പെർമിറ്റ്, യൂസർ ഫീസ്, വാടക മുതലായ നികുതി നികുതിയേതര വരുമാന മാർഗ്ഗങ്ങളെക്കുറിച്ചുള്ള ചർച്ചകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല.

പരിമിതമായ ഇനങ്ങളിൽ നിന്നുള്ള വരുമാനം മാത്രമാണ് വർഷങ്ങളായി ലഭിക്കുന്നത്.

കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2021-22 | 2022-23 |
|---|---|---|---|
| നികുതി വരവ് | | | |
| 1 | വസ്തു നികുതി | 700000 | 800000 |
| 2 | സേവനനികുതി | ---- | ------ |
| 3 | തൊഴിൽ നികുതി | 1900000 | 2300000 |
| നികുതിയേതര വരവ് | | | |
| 4 | കെട്ടിടങ്ങൾ, സ്ഥലങ്ങൾ - വാടക | 400000 | 400000 |
| 5 | ഓഡിറ്റോറിയം & ഹാൾ - വാടക | 300000 | 400000 |
| 6 | രജിസ്ട്രേഷൻ ഫീസ് | 20000 | ------ |
| 7 | ലൈസൻസ് ഫീസ് | 280000 | 350000 |
| 8 | പെർമിറ്റ് ഫീസ് | 260000 | 300000 |
| 9 | സർട്ടിഫിക്കറ്റ്/എക്സ്ട്രാക്ട് ഫീസ് | 5000 | 5000 |
| 10 | ഫൈൻ | 450000 | 500000 |
| 11 | യൂസർ ചാർജ് | 700000 | 900000 |

കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നികുതി, നികുതിയേതര വർദ്ധനവിനായി പുതിയ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉണ്ടായിട്ടില്ല.

**സി) വസ്തു നികുതി പരിഷ്കരണ നടപടികൾ**

വസ്തു നികുതി പരിഷ്കരണ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി ശുപാർശ നൽകിയിട്ടില്ല.
മേൽ വിഷയത്തിൽ അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 06/06-12-2023 ന് മറുപടിയായി തുടർന്നുള്ള യോഗങ്ങളിൽ ക്രിയാത്മക ചർച്ചകൾ നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

*ഗ്രാമപഞ്ചായത്തിന്റെ നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.
* ബജറ്റ് തയ്യാറാക്കുന്നത് ക്രിയാത്മക ചർച്ചകൾക്കു ശേഷം ആയിരിക്കേണ്ടതാണ്.
* വസ്തു നികുതി പരിഷ്കരണ നടപടികൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-12 ജി.ഐ പോളുകളുടെ വാർഷിക വാടക ഈടാക്കുന്നില്ല**

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് നഗര, ഗ്രാമ പ്രദേശങ്ങളിലുടനീളം ഫൈബർ ടു ദ ഹോം (FTTH) തൂണുകൾ (Poles) സ്ഥാപിക്കുന്നതിന് വാടക നിരക്ക് നിശ്ചയിക്കാൻ സർക്കാരിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ റോഡുകളുടെ വശങ്ങളിൽ GI പോളുകൾ സ്ഥാപിക്കുന്നതിന് TSP/ISP സേവന ദാതാക്കൾക്ക് സ.ഉ (സാധാ)നം.89/2020/PWD തീയതി 23/01/2020 പ്രകാരം മാർഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**പൊതു മാർഗ്ഗനിർദ്ദേശങ്ങൾ**

TSP/ISP (Tele Communication Service Provider/Internet Service Provider) കമ്പനികൾക്ക് റോഡുകളുടെ വശങ്ങളിൽ GI പോളുകൾ സ്ഥാപിക്കുന്നതിന് ആദ്യം വരുന്നവർക്ക് ആദ്യം സേവനം എന്ന അടിസ്ഥാനത്തിൽ ഇനിപ്പറയുന്ന വ്യവസ്ഥകളിന്മേൽ അനുമതി നൽകാവുന്നതാണ്.

- റോഡുകളുടെ റെസ്റ്റോറേഷൻ പ്രവർത്തികളുടെ ഷെഡ്യൂൾ സഹിതം കട്ടിംഗ് ജോലി ആരംഭിക്കുന്നതിന് രണ്ട് മാസം മുമ്പെങ്കിലും അതത് സേവനദാതാക്കൾ ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതാണ്.
- തൂണുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന്, ഓരോ തൂണിനും 360 രൂപ വാർഷിക വാടക സേവനദാതാക്കൾ അടവാക്കേണ്ടതാണ്. ഈ തുക ഓരോ വർഷവും ഓരോ തൂണിനും 5% നിരക്കിൽ വർദ്ധിപ്പിക്കേണ്ടതാണ്. കരാർ ഒപ്പുവെച്ച് 5 വർഷത്തിന് ശേഷം ഈ കരാർ പുതുക്കേണ്ടതാണ്. റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് നിലവിലുള്ള നിരക്കുകൾ പ്രകാരമുള്ള തുകയും കരുതൽ നിക്ഷേപമായി വാർഷിക വാടകയുടെ 10% തുകയും ബന്ധപ്പെട്ട ഓഫീസിൽ അടവാക്കേണ്ടതാണ്.
- കട്ടിംഗ് ആരംഭിക്കുന്ന തീയതിയും പൂർത്തിയാക്കുന്ന തീയതിയും വ്യക്തമാക്കുന്ന വിശദമായ ഷെഡ്യൂൾ സമർപ്പിക്കണം.
- ഗതാഗതത്തിന് എറ്റവും കുറഞ്ഞ തടസ്സവും പൊതുജനങ്ങൾക്ക് കുറഞ്ഞ ബുദ്ധിമുട്ടും ഉണ്ടാക്കുന്ന രീതിയിൽ പ്രവൃത്തികൾ നടത്തണം.

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ ഏരിയൽ പോൾ സ്ഥാപിക്കുന്നതിൽ മേൽ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് റോഡുകളിൽ ഏരിയൽ പോളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് റിലയൻസ് ജിയോ പ്രൈവറ്റ് ലിമിറ്റഡ് എന്ന

സ്ഥാപനം സമർപ്പിച്ച അപേക്ഷയിന്മേൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എൻജിനീയർ പരിശോധന നടത്തി 317 പോളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് റസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 1052650 രൂപ ഡിമാന്റ് ചെയ്യുകയും സ്ഥാപനം തുക അടവാക്കുകയും ചെയ്തിട്ടുണ്ട്.

തൂണുകൾ സ്ഥാപിക്കുന്നതിനുള്ള RoW Permission നൽകിയപ്പോൾ സ.ഉ(സാധാ) 89/2020/PWD തീയതി 23/01/2020-ലെ ഉപാധികളും നിബന്ധനകളും പാലിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/08.12.2023 നുള്ള മറുപടിയായി സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ലായെന്നും കരാർ ചമച്ച് ഈ ഇനത്തിൽ തുടർ വർഷങ്ങളിൽ ലഭ്യമാകേണ്ട തുക റിലയൻസ് ജിയോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

തുടർവർഷത്തിൽ ലഭ്യമാക്കേണ്ട വാടകയുടെ വിവരം താഴെ ചേർക്കുന്നു.

വാടക – 317 X 360 = 114120 രൂപ

വാർഷിക വാടക വർദ്ധനവ് – 114120 X 5/100 = 5706 രൂപ

2021-22 വർഷത്തിൽ 56 പോളുകൾ സ്ഥാപിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. സ്ഥാപനവുമായി എഗ്രിമെന്റ് ചമയ്ക്കുകയോ ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുകയോ വാടക ഡിമാന്റ് ചെയ്യുകയോ ചെയ്യാത്തതിനാൽ പോളുകളുടെ വാടക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നഷ്ടമാകുന്നതായും വിലയിരുത്തുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വാടക-56x360=20160 രൂപ + വാർഷിക വർദ്ധനവ് – 20160x5/100 – 1008 രൂപ

ആകെ നഷ്ടം – 21168 രൂപ

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- സ്ഥാപനവുമായി അടിയന്തിരമായി കരാർ ചമയ്ക്കേണ്ടതാണ്. വാർഷിക വാടക ഓരോ തൂണിനും പ്രതിവർഷം 5% വർദ്ധിപ്പിക്കാൻ കരാറിൽ വ്യവസ്ഥ ചേർക്കേണ്ടതാണ്.
- വാടക ഡിമാന്റ് ചെയ്യേണ്ടതും അഞ്ച് വർഷത്തിനു ശേഷം കരാർ പുതുക്കുകയും ചെയ്യേണ്ടതാണ്.
- സ്ഥാപിച്ച പോളുകളുടെ കൃത്യമായ എണ്ണം ഉൾപ്പെടുത്തിക്കൊണ്ട് വാടക രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയം വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയ ഡാറ്റ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

## 1-13-1 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

**I) വസ്തുനികുതി പരിഷ്കരണം**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്.

**1) വസ്തു നികുതി പരിഷ്കരണം – പ്രധാന ഉത്തരവുകൾ**

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

**2) 2023 ലെ വസ്തുനികുതി പരിഷ്കരണം – നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം**

**എ) വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ**

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

**ബി) കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ**

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് ഫോറം 9ബി യിൽ അറിയിക്കാവുന്നതാണ്. സമയപരിധി 30-06-2023 തീയതിയാണ്.

നാളിതുവരെ 31 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം ഫോറം 9B യിൽ അറിയിച്ചിട്ടുള്ളത്.

**സി) കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന**

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു.

ഫീൽഡ് പരിശോധന / വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്.

**ഡി) വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കുള്ള നിയമനം**

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്.

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനായി കെട്ടിടങ്ങളുടെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അപേക്ഷ ക്ഷണിച്ച് 11.05.2023ന് അഭിമുഖം നടത്തിയതിൽ 17 ഉദ്യോഗാർത്ഥികൾക്ക് ഭരണസമിതിയുടെ 12.05.2023 തീയതിയിലെ 12/1 നമ്പർ തീരുമാനപ്രകാരം നിയമനം നൽകിയെങ്കിലും നിലവിൽ 2 പേർ മാത്രമാണ് ഫീൽഡ് പരിശോധന/ഡാറ്റാ എൻട്രി നടത്താൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്.

**ഇ) വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം**

സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തിന്റെ 13/04/23 തീയതിയിലെ എസ്.സി3-2987/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (ഭരണസമിതി തീരുമാനം 7(1)/13.04.2023). 03-06-23 തീയതിയിൽ പത്രങ്ങളിൽ പരസ്യം ചെയ്തിട്ടുണ്ട്. പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ 14/07/2023 തീയതിയിലെ എസ്.സി3-2987/2023 നം. ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (തീരുമാനം 17(1)/4-07-23). 28-07-23 തീയതിയിൽ പത്രങ്ങളിൽ പരസ്യം ചെയ്തിട്ടുണ്ട്. ആയത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്.

അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

**എഫ്) വസ്തുനികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും**

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരം തിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

**II) വസ്തുനികുതി – അവലോകനം**

**എ) നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോധന**

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 ഉപവകുപ്പ് (1) എ മുതൽ ജെ വരെയുള്ള കെട്ടിടങ്ങളെ മാത്രമാണ് നികുതി, ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്.

നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഏതാനും കെട്ടിടങ്ങൾക്ക് അനധികൃതമായി നികുതി ഇളവ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടു.

ഉദാ. ശാന്തിഗിരി ആശുപത്രിയിലെ കെട്ടിട നം.10/340 മുതൽ 345 വരെ.

PWD കെട്ടിടം നം. 2/1065

**ബി) വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ**

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സി) അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി**

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയവിവരങ്ങൾ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച 7 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. ഈ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി തുക ഈടാക്കിയിട്ടുണ്ട്.

2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

**ഡി) മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത**

ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 മൊബൈൽ ടവറുകളാണ് സ്ഥിതിചെയ്യുന്നത്. അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 500 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഇല്ല.

**ഇ) ILGMS ൽ ക്യാൻസൽ ചെയ്ത രസീതികൾ സഞ്ചയ (വസ്തു നികുതി) യിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കൽ**

ILGMS ൽ ക്യാൻസൽ ചെയ്ത ഏതാനും രസീതികളിലെ തുകകൾ സഞ്ചയയിലെ ഡാറ്റയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ല.

**III. സേവന ഉപനികുതി ചുമത്തൽ**

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപ നികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%
2. ജല വിതരണം - 3%
3. തെരുവു വിളക്കുകൾ - 2%
4. ഡ്രൈനേജ് - 1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്.

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ച സ.ഉ(കൈ)നം.77/2023/ LSGD തിയതി 22-3-2023 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിലവിൽ സേവന ഉപനികുതി ചുമത്താത്ത ഗ്രാമപഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

→വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻടി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

→ നികുതി ഇളവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ പുന:ക്രമീകരിക്കേണ്ടതാണ്

→അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

→ILGMSൽ ക്യാൻസൽ ചെയ്ത രസീതികൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ടെന്ന് പരിശോധിക്കേണ്ടതാണ്.

→സേവനം നൽകുന്ന മേഖലകളിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 05/06.12.2023 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്)

**1-13-2 സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് (MSME) ബാധകമായ വസ്തുനികുതി ഈടാക്കുന്നില്ല**

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം.36/2015/തസ്വഭവ തിയതി 24-02-2015) പ്രകാരം എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങൾക്കുള്ള കൂടിയതും കുറഞ്ഞതുമായ വസ്തുനികുതി നിരക്ക് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിനനുസൃതമായി ഈ വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് 20 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഉള്ള സ്ഥാപനങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി ഈടാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ 3 വ്യവസായങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി ചുവടെ ചേർത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ | കെട്ടിട നമ്പർ | സഞ്ചയയിലെ ഉപയോഗക്രമം | അടിസ്ഥാന വസ്തു |
|---|---|---|---|---|

| | പേര് | | | നികുതി നിരക്ക് |
|---|---|---|---|---|
| 1 | M/S ജുവനൈൽ ട്രെൻഡ്സ് | 1/772 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 |
| 2 | ലിവാന ഇൻറ്റീരിയർ | 2/1314 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 |
| 3 | എം.എ കമ്മ്യൂണിക്കേഷൻസ് | 7/158 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 |

MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി മേൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സഞ്ചയയിൽ യഥാർഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/11.12.23) മറുപടിയായി MSME രജിസ്ട്രേഷനുശേഷം സ്ഥാപന ഉടമകൾ നികുതിയിളവിന് അപേക്ഷ സമർപ്പിക്കാത്തതിനാലാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടി പ്രവർത്തിക്കുന്ന യഥാർത്ഥ എം.എസ്.എം.ഇ കളെ സഞ്ചയയിൽ യഥാർഥ ഉപയോഗക്രമത്തിലുൾപ്പെടുത്തി അവയ്ക്ക് ബാധകമായ വസ്തുനികുതി ഈടാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-13-3 നിയമാനുസൃത ഇളവ് അനുവദനീയമല്ലാത്ത കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ നിന്ന് ഇളവ് അനുവദിച്ചിട്ടുണ്ട്.

| കെട്ടിട നം. | ഉടമസ്ഥൻ/സ്ഥാപനം |
|---|---|
| 10/340, | ശാന്തിഗിരി ആയുർവേദ ആശുപത്രി ഓലശ്ശേരി |

| | |
|---|---|
| 10/342,<br>10/343,<br>10/344 | |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ഉപവകുപ്പ് (1) എ മുതൽ ജെ വരെയുള്ള ഖണ്ഡങ്ങളിൽ സൂചിപ്പിച്ച കെട്ടിടങ്ങളെ മാത്രമാണ് വസ്തു നികുതി, ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. മേൽ കെട്ടിടത്തിന് വസ്തു നികുതി ഇളവ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/08.12.2023) മേൽ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ച് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്

2022-23 വാർഷിക കണക്കിൽ Kerala Public Places Of Resort Act, 1963 പ്രകാരമുള്ള വരവൊന്നും രേഖപ്പെടുത്തിയിട്ടില്ല. എൽ.എസ്.ജി.ഡി-ആർഡി1/47/2022, 01.8.2022 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ PPR Act പ്രകാരം ലൈസൻസില്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്തുവാൻ നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/08.12.23) മറുപടിയായി 2023-24 സാമ്പത്തിക വർഷത്തിൽ ഒരു സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

ഗ്രാമപഞ്ചായത്ത് പരിധിയിൽ Kerala Public Places Of Resort Act, 1963 പ്രകാരം എല്ലാ ജിംനേഷ്യങ്ങൾക്കും ലൈസൻസ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് ലൈസൻസ് അനുവദിച്ചു

പുതിയതായി ആരംഭിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ (MSME) കാര്യത്തിൽ 2019 ലെ കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്ടിലെ സെക്ഷൻ 5 പ്രകാരം ജില്ലാതലത്തിലുള്ള നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം(Acknowledgement Certificate) ലഭ്യമാക്കുക യാണെങ്കിൽ മൂന്ന് വർഷം വരെ വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും അവയെ ഒഴിവാക്കേണ്ടതാണ്. മൂന്ന് വർഷക്കാലയളവിനുള്ളിൽ ക്ഷമതയുള്ള അധികാരസ്ഥാനം ഏതെങ്കിലും അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിനായി ഏതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ലെന്ന് സെക്ഷൻ 6 ൽ നിഷ്കർഷിച്ചിട്ടുണ്ട്.

കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് വീണ്ടും ലൈസൻസ് അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി.

സ്ഥാപനം. M/s.LCT Industries, വാർഡ് 4

വാൽവ് കംപോണന്റ് നിർമ്മാണം.

സ്വയം സാക്ഷ്യപത്രം നം. KLMFME.4823/22

കാലാവധി: 7-7-2022 മുതൽ 6-7-2025 വരെ.

സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് അനുവദിച്ച ലൈസൻസിന്റെ വിവരം താഴെ ചേർക്കുന്നു.

അപേക്ഷാ തിയതി - 21-3-2023

ലൈസൻസ് നം. FC3-169/23-24/2492/23 Dt. 28-4-2023

2019 ലെ കേരള സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2020 ലെ കേരള

സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ എന്നിവ പ്രകാരം കൈപ്പറ്റ് സാക്ഷ്യപത്രം നേടിയിട്ടുള്ള MSME ക്ക് 1996 ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/11.12.23) മറുപടിയായി സ്ഥാപനത്തിന് ബാങ്കിൽ സമർപ്പിക്കുവാൻ ലൈസൻസ് ആവശ്യമുണ്ടെന്നറിയിച്ചതിനാലാണ് ലൈസൻസ് അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശം

Acknowledgement Certificate നേടിയിട്ടുള്ള MSME കൾക്ക് സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് വരെ ലൈസൻസ് അനുവദിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-16 ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമല്ല**

മൂന്ന് കുടിവെള്ള പദ്ധതികൾ നിലവിൽ ഗ്രാമപഞ്ചായത്ത് പരിപാലിച്ചുവരുന്നുണ്ട്.

1. കനാൽ - 342 പേർ

2. ചെകിടംകാവ് - 79 പേർ

3. ആറ്റിങ്കൽ - 74 പേർ

ആകെ - 495 പേർ

ഗാർഹിക ഉപഭോക്താക്കൾ മാത്രമുള്ള മേൽ പദ്ധതികൾക്ക് പ്രതിമാസം 100 രൂപയാണ് വാട്ടർചാർജ് ആയി നിശ്ചയിച്ചിരിക്കുന്നത്. കുടിവെള്ള പദ്ധതികളുടെ വരവ്-ചെലവ് രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

**1. നിയമാവലി രൂപീകരിച്ചിട്ടില്ല**

കണക്ഷൻ ലഭ്യമാക്കുന്നതിനും കുടിവെള്ളം ഉപയോഗിക്കുന്നതിനുമുള്ള നിയമാവലി രൂപീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ പരിപാലിച്ചു വരുന്നത്.

**2. വരവ്, കുടിശ്ശിക**

2022-23 ൽ **1434000** രൂപയാണ് വാർഷിക കണക്ക് പ്രകാരമുള്ള വാട്ടർ ചാർജ്ജ്.

തൻവർഷത്തെ കുടിശ്ശിക 1607782 രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 1188740 രൂപയുമാണ്. ആകെ 2796522/- രൂപ കുടിശ്ശികയിനത്തിൽ ഈടാക്കുവാനുണ്ട്.

**3. പരിപാലന ചെലവ്**

കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിനായി 2022-23 വർഷത്തിൽ ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | വൈദ്യുതി ചാർജ്ജ് | 445001 |
| 2 | അറ്റകുറ്റപ്പണി | 493119 |
| 3 | പമ്പ് ഓപ്പറേറ്റർ | 219000 |
| ആകെ | | 1157120 |

മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചാണ് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളത്. തനത് ആസ്തികളുടെ നവീകരണത്തിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കരുതെന്ന മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിച്ചിട്ടില്ല.

നിർദ്ദേശങ്ങൾ

1. വാട്ടർ ചാർജ്ജ് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2. പരിപാലന ചെലവ് നിയന്ത്രിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

3 കുടിവെള്ള പദ്ധതികളുടെ പരിപാലനം ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

4. കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്.

മേൽ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 11/7-12-2023 നുള്ള മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകി വരുന്നുണ്ടെന്നും കുടിവെള്ള പദ്ധതികൾ കൈമാറുന്നതിന് അടുത്ത യോഗത്തിൽ അജണ്ട വെക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി - ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങളിൽ അപാകം

പ്രോ.നം.96/23-തെരുവു വിളക്കുകൾക്ക് AMC

അടങ്കൽ - 1000000 (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 999050/- രൂപ (ചെക്ക് നം. 007589/22-3-23/വൗ.നം.22201136/29-3-23)-Rs.161500, ചെക്ക് നം.007574/22-3-23/വൗ.നം.22201009/23-2-23)-Rs.837550) .

തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായുള്ള ടെണ്ടർ ഇ-ക്ഷണിച്ചതിൽ ശ്രീ.സി.വിൻസന്റ് (GST No. 32ANGPU0154M1ZU) എന്നയാളുടെ ടെണ്ടർ ആണ് അംഗീകരിച്ചിട്ടുള്ളത്.

പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം-25-11-2022

ഭരണ സമിതി തീരുമാനം - 29-11-2022 നം.8(1)

എഗ്രിമെന്റ് നം. 8-12-2022

45 W ന്റെ LED ലാമ്പുകൾ റിപ്പയർ ചെയ്യുന്നതിനായി 750 രൂപയും 45 W ന്റെ സെൻസർ LED ലാമ്പുകൾ റിപ്പയർ ചെയ്യുന്നതിനായി 850 രൂപയും 24 W ന്റെ LED ലാമ്പുകൾ റിപ്പയർ ചെയ്യുന്നതിനായി 300 രൂപയും ആണ് നിശ്ചയിച്ചിട്ടുള്ളത്.

<u>ചെലവിന്റെ വിശദാംശം</u>

<u>1) 6-2-2023 തിയതിയിലെ കത്ത് പ്രകാരം</u>

65 W LED – 403x750=302250 രൂപ

65 W Sensor LED – 572x850=485200 രൂപ

24 W LED – 167x300=50100 രൂപ

ആകെ 1142 ലാമ്പുകൾക്ക് 837550 രൂപ ചെലവഴിച്ചിട്ട.

<u>2) 27-3-2023 തിയതിയിലെ കത്ത് പ്രകാരം</u>

65 W LED – 37x750=27750

65 W Sensor LED – 131x850=111350 രൂപ

24 W LED – 75x300=22500 രൂപ

ആകെ 243 ലാമ്പുകൾക്ക് 161500 രൂപ ചെലവഴിച്ചിട്ടുണ്ട്

ആകെ ലാമ്പുകൾ -1385

ഒട്ടാകെ - 999050/- രൂപ

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം ടെണ്ടർ ഫോറം വില 10 ലക്ഷം രൂപ വരെ 200 രൂപയും ജി.എസ്.ടി യുമാണ് ബാധകം. 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം അടങ്കൽ തുകയുടെ 1% ആണ് ഇ.എം.ഡി ആയി ഈടാക്കേണ്ടത്.

25-10-22 ലെ ടെണ്ടർ നോട്ടീസ് പ്രകാരം ടെണ്ടർ ഫോറം വില 2000 രൂപയും GST 204 രൂപയും ഇ.എം.ഡി ആയി 25000 രൂപയും (2.5%) ആണ് നിശ്ചയിച്ചിട്ടുള്ളത്. ടെണ്ടർ ഫോറം നിരക്ക്, ഇ.എം.ഡി എന്നിവ തെറ്റായാണ് കണക്കാക്കിയിട്ടുള്ളത്.

2. കരാറുകാരൻ ജി.എസ്.ടി ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. കരാർ പ്രകാരം 65 W LED, 65 W Sensor LED, 24 W LED എന്നിവ റിപ്പയർ ചെയ്യുന്നതിനുള്ള തുകയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഈ ഇനത്തിൽ ഉൾപ്പെടാത്ത ലാമ്പുകളും റിപ്പയർ ചെയ്ത കൂട്ടത്തിൽ ഉൾപ്പെടുന്നുണ്ടെന്ന് മെമ്പർമാരുടെ സാക്ഷ്യപത്രം പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ഉദാ. വാർഡ് 3 - 15 W LED 12 എണ്ണം, വാർഡ് 4 - 15 W LED 21 എണ്ണം, വാർഡ് 7 - 15W LED 8 എണ്ണം.

കരാറുകാരൻ 6-2-23 ന് സെക്രട്ടറിക്ക് സമർപ്പിച്ച പട്ടികയിൽ 9W ന്റെ 167 ലാമ്പുകൾ റിപ്പയർ ചെയ്തതായി സൂചിപ്പിച്ചിട്ടുണ്ട്.

24 W ൽ താഴെയുള്ള ലാമ്പുകൾക്കും 24 W ന്റെ ചാർജ്ജ് ഈടാക്കിയിട്ടുണ്ട്.

കരാറിൽ സൂചിപ്പിക്കാത്ത ലാമ്പുകൾ സ്ഥാപിക്കുവാനിടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.2(3)/5-12-2023 നുള്ള മറുപടിയിൽ തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് നിലവിലില്ലെന്നും ആയത് പരിശോധന നടത്തി കണക്കാക്കുന്നതാണെന്നും അടിയന്തിര സാഹചര്യത്തിലാണ് 24 വാട്ടിന്റെ ലാമ്പുകൾ സ്ഥാപിക്കുവാനിടയായതെന്നും മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

* തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം അറ്റകുറ്റപ്പണികൾക്കുള്ള കരാർ നൽകേണ്ടതാണ്. വാറണ്ടി കാലയളവ് നിലവിലുള്ള ലാമ്പുകളെ വാർഷിക അറ്റകുറ്റപ്പണിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
* ടെണ്ടറിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
* എഗ്രിമെന്റ് പ്രകാരം അംഗീകരിച്ച പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
* കരാറുകാരന്റെ ബില്ലുകളിൽ ജി.എസ്.ടി നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കി മാത്രം തുക അനുവദിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-18 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

പ്രോ.നം.11/23-സ്ട്രീറ്റ് മെയിൻ വലിക്കൽ

വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയും പ്രകാരം 1095984 രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്.

അടങ്കൽ - 3836014 (ജനറൽ - 665690+CFC-500000+തനത് ഫണ്ട്-2670324)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 1095984 (CFC-500000 (ബിൽ നം.288/03-02-2023 + തനത് ഫണ്ട്-595984

(422006075/31-12-22))

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 2(2)/5-12-2023 നുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് തിരികെ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 എ.ബി.സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോ.നം. 203/23-തെരുവു നായകളുടെ പ്രജനന നിയന്ത്രണ പരിപാടി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 300000 (ജനറൽ -129200 + CFC - 170800)

ചെലവ് - 170800 (CFC-Untied)

ബിൽ സാംങ്ഷൻ നം. 286/3-2-23

എ.ബി.സി പ്രോഗ്രാമിന്റെ ഗ്രാമപഞ്ചായത്ത് വിഹിതമായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം.79901400002200) 170800 രൂപ കൈമാറിയിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് എ.ബി.സി പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

ഓഡിറ്റ് അന്വേഷണം നം. 2(1)/5-12-2023 നുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.
രേഖകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-20 ഹരിതകർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 09/2020 മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി 30 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്. 2019 ഒക്ടോബർ മാസം മുതൽ ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

ബൈലോ

ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമം നം. PAN/8221/2022/C3(DP)/20-8-22 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബൈലോ പ്രകാരം വീടുകൾക്ക് 50 രൂപയും കടകൾക്കും 100 രൂപയുമാണ് യൂസർ ഫീ ആയി നിശ്ചയിച്ചിട്ടുള്ളത്.

ക്യാരിബാഗുകളുടെ നിരോധനം

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം (2021 ലെ ഭേദഗതി ചട്ടങ്ങൾ -

G.S.R.571(E) Dated 12-08-2021) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ കനം 30-9-2021 മുതൽ 75 മൈക്രോണിലും 31-12-2022 മുതൽ 120 മൈക്രോണിലും കുറയുവാൻ പാടുള്ളതല്ലെന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബൈലോയിലെ ഖണ്ഡിക നം. 4(2) പ്രകാരം 50 മൈക്രോണിൽ താഴെയുള്ള ക്യാരി ബാഗുകളാണ് നിരോധിച്ചിട്ടുള്ളത്.

ബൈലോയിൽ കാലികമായ മാറ്റം വരുത്തിയിട്ടില്ല.

വീടുകളുടെയും കടകളുടെയും എണ്ണം

ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി 6600 വീടുകളും 350 കടകളും ഉള്ളതായി ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്.

യൂസർ ഫീ

എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർ ഫീ ലഭ്യമാകാത്ത സ്ഥിതിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ശരാശരി 270000 രൂപ മാത്രമാണ് യൂസർഫീ ഇനത്തിൽ നിലവിൽപ്രതിമാസം ലഭ്യമാകുന്നത്. പ്രതിദിനം 300 രൂപയിൽ താഴെ മാത്രമേ പ്രതിഫലം ലഭ്യമാകുന്നുള്ളൂ.

എം.സിഎഫ് - സ്ഥിരം സംവിധാനം നിലവിലില്ല

ഗ്രാമപഞ്ചായത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫ് നാളിതുവരെ സജ്ജീകരിച്ചിട്ടില്ല.

കോൽക്കാട് മിനി വ്യവസായ ശാലാ കോമ്പൗണ്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ രണ്ട് ഷെഡ്ഡുകളും ഒരു ടോയ്‌ലറ്റും ഹരിത കർമ്മസേനയുടെ ഉപയോഗത്തിനായി താത്കാലികാടിസ്ഥാനത്തിൽ ഒരുക്കി നൽകിയിട്ടുണ്ട്.

പുനചംക്രമണ യോഗ്യമായ പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുന്നതിന് പരിമിതമായ സൗകര്യം മാത്രമാണുള്ളത്.

എം.സി.എഫ് നിർമ്മാണത്തിനായി (206/23) എന്ന പ്രോജക്ടിൽ 1883148 രൂപ (CFC-1153268+കേന്ദ്രാവിഷ്കൃതം-729880) വകയിരുത്തിയെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. കല്ലിങ്കൽ എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്താണ് എം.സി.എഫ് കെട്ടിടം നിർമ്മിക്കുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളത്.

1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിൻ കീഴിലുള്ള 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ, 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അവശ്യം വേണ്ട എം.സി.എഫിന് സ്ഥിരം സംവിധാനം ഏർപ്പെടുത്താത്തത് ഗ്രാമപഞ്ചായത്തിന്റ ഖരമാലിന്യ പരിപാലനത്തിലെ പോരായ്മയായി വിലയിരുത്തുന്നു.

മിനി എം.സി.എഫ്

MGNREGS ന്റെ സഹകരണത്തോടെ 4 വാർഡുകളിൽ മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

പ്ളാസ്റ്റിക്ക് മാലിന്യത്തിന്റെ വിപണനം

പുനചംക്രമണ യോഗ്യമായ പ്ലാസ്റ്റിക് ക്ളീൻ കേരള കമ്പനിയ്ക്ക് കൈമാറിയ വകയിൽ രൂപ 196105 രൂപ (23409 കി.ഗ്രാം) ഹരിതകർമ്മസേനയ്ക്ക് ലഭിച്ചിട്ടുണ്ട്.

പുനചംക്രമണ യോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിനായി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. തൻവർഷം ഈ ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

വാഹനം

ഹരിതകർമ്മസേനയ്ക്ക് നാളിതുവരെ വാഹനം വാങ്ങി നൽകിയിട്ടില്ല. വാഹനം വാടകയ്ക്ക് എടുത്താണ് നിലവിൽ പ്രവർത്തനങ്ങൾ നടത്തുന്നത്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം തൻവർഷം ആകെ 213500രൂപ വാഹന വാടകയിനത്തിൽ

ചെലവഴിച്ചിട്ടുണ്ട്.

പ്രൊ.നം. 85/23 - ചെലവ് - 128416 രൂപ

154/23- 85084 രൂപ

ആകെ - 213500 രൂപ

പ്രതിവർഷം വലിയൊരു തുക വാഹന വാടകയിനത്തിൽ ചെലവാകുന്ന സാഹചര്യത്തിലും ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി വാഹനം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിംസ്റ്റം കെൽട്രോൺ മുഖേന നടപ്പാക്കിയിട്ടുണ്ട്. നാളിതുവരെ ആകെ 6753 കെട്ടിടങ്ങളിൽ ക്യൂ.ആർ കോഡ് സ്ഥാപിച്ചിട്ടുണ്ട്.

അക്കൗണ്ട് നീക്കിയിരിപ്പ്

ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ നിലവിൽ (നം. 304922010000496) 694201 രൂപ നീക്കിയിരിപ്പുണ്ട്.
ഓഡിറ്റ് അന്വേഷണം നം. 8/7-12-2023 നുള്ള മറുപടിയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* എം സി എഫിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

* ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി വാഹനം ലഭ്യമാക്കേണ്ടതാണ്.

* എല്ലാ ലെഗസി മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

* പുനചംക്രമണ യോഗ്യമായ പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ വിപണനം കാര്യക്ഷമമാക്കേണ്ടതാണ്.

* യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകേണ്ടതാണ്.

* പ്ലാസ്റ്റിക് പരിപാലനത്തിൽ അംഗീകൃത ബൈലോയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

* കാലാകാലങ്ങളിൽ ബൈലോയിലെ വ്യവസ്ഥകൾ പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-21 ആർട്ട്കോയിൽ നിന്നുള്ള വാങ്ങൽ - നടപടിക്രമങ്ങളിൽ അപാകങ്ങൾ**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് നം./ പേര് | 62, ഹൈടെക് അങ്കണവാടികളിലേക്ക് കമ്പ്യൂട്ടർ മോണിറ്ററുകളും കമ്പ്യൂട്ടർ ടേബിളും ഫുഡ് കണ്ടൈനറുകളും അലമാരയും വാങ്ങൽ - സ്പിൽഓവർ |
| അടങ്കൽ | 110000 (വികസനഫണ്ട് - ജനറൽ) |
| ചെലവ് | 107432 |
| ബിൽ നം. / തീയതി | 1/27.05.2022 |

കൊടുമ്പ്, കണക്കുവളപ്പ്, കാരക്കാട്, കാഞ്ഞിരംകുന്നം, മന്നാട്ടുതറ, ചിറപ്പാടം, കല്ലിങ്കൽ, അയ്യപ്പൻകാവ്

എന്നീ അങ്കണവാടികളിലേക്ക് കമ്പ്യൂട്ടർ മോണിറ്ററുകൾ, കമ്പ്യൂട്ടർ ടേബിൾ, ഫുഡ് കണ്ടൈനറുകൾ, അലമാര എന്നിവ വാങ്ങുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കിയ പ്രോജക്ട് ആണിത്. താഴെ പറയുന്ന ഉപകരണങ്ങൾ ഇൻവോയ്സ് നം. 885/23.03.2022 പ്രകാരം ARTCO LTD, THRISSUR ൽ നിന്നും നേരിട്ടാണ് വാങ്ങിയിട്ടുള്ളത്.

| ക്രമനം | ഉപകരണത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | Computer Table Partical Board | 4 |
| 2 | Steel Food Container | 1 |
| 3 | Steel Cabinet With 4 Fixed Shelves | 4 |
| 4 | Computer Monitor | 2 |

പദ്ധതി നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1). ജി.ഒ(സാധാ)നം.1/2021/എസ്.പി.ഡി തിയതി.05/01/2021 ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ, പ്രസ്തുത സാധനങ്ങൾ ആർട്ട്കോയിൽ നിർമ്മിക്കുന്നതാണെന്നും പുറമെ നിന്ന് വാങ്ങിയിട്ടില്ലാത്തതുമാണ് എന്ന് മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. അത്തരത്തിലുള്ള സാക്ഷ്യപത്രം ഇല്ല. ആർട്ട്കോവിന് നേരിട്ട് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള സ.ഉ(സാധാ)നം.04/2018/എസ്.പി.ഡി, തിയതി.02.02.2018 പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ മേൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിലെ ക്രമ നം 4 ഉൾപ്പെട്ടിട്ടില്ല. ആർട്ട്ക്കോ നിർമ്മിക്കാത്ത മോണിറ്റർ ആർട്ട്ക്കോയിൽ നിന്നും നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല.

2). ജി.ഒ(പി)നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) പോർട്ടലിൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങണമെന്നത് നിർബന്ധമാക്കുകയും സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഭേദഗതിവരുത്തുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാതിരുന്നാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടേബിളുകൾ, അലമാര, കമ്പ്യൂട്ടർ മോണിറ്റർ എന്നിവ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കാതെയാണ് ആർട്ട്ക്കോയിൽ നിന്ന് വാങ്ങിയിട്ടുള്ളത്.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/07.12.23) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് ആർട്ട്ക്കോയിൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുവാൻ തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുടർനിരീക്ഷണം നടത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി കെൽട്രോൺ മുഖേന സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി 22-23 വർഷത്തിൽ താഴെ പറയും പ്രകാരം 2 പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| പ്രോജക്ട് നം./ പേര് | 87/23, സ്മാർട്ട് ഗാർബേജ് | 205/23, സ്മാർട്ട് ഗാർബേജ് ക്യൂ. ആർ |
|---|---|---|

| | | |
|---|---|---|
| | മോണിറ്ററിംഗ് സിസ്റ്റം | കോഡ് പതിച്ചവർക്ക് വേതനം നൽകൽ |
| അടങ്കൽ | 62000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 89475 (വികസനഫണ്ട് - ജനറൽ) |
| ചെലവ് | 55775 | 89475 |
| ബിൽ സാങ്ക്ഷൻ ഓർഡർ നം. / തീയതി | 62/23.08.22-4615<br>133/25.10.22-4615<br>316/25.02.23-46545 | 38/28.03.23 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കെൽട്രോണും തമ്മിൽ കരാർ ചമച്ച് (തീയതി രേഖപ്പെടുത്തിയിട്ടില്ല) 11.11.22 തീയതികളിലെ A2/5123/21, നമ്പർ കത്തുകൾ പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ 8208/19.11.22 പ്രകാരം ക്യൂ.ആർ കോഡ് പ്രിന്റിംഗ് ചാർജ് ഇനത്തിൽ 9230 രൂപയും ഇൻവോയ്സ് നമ്പർ 8850/03.01.23 പ്രകാരം ലാപ്പ്ടോപ്പ് വാങ്ങിയതിന്റെ വിലയായി 46545 രൂപയും കെൽട്രോണിന് നൽകിയിട്ടുണ്ട്. ക്യൂ. ആർ കോഡ് പതിച്ചവർക്ക് ഒരു വീടിന്/ സ്ഥാപനത്തിന് 15 രൂപ നിരക്കിൽ 89475 രൂപ വേതനം നൽകിയിട്ടുണ്ട്.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പിന്റെ പ്രവർത്തനപുരോഗതി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/5.12.23) ഗ്രാമപഞ്ചായത്ത് അധികൃതർ താഴെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

1). ക്യൂ.ആർ കോഡുകൾ മുഴുവനായും പതിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2). ഹരിതമിത്രം മുഖേനയുള്ള മോണിറ്ററിംഗ് പ്രവർത്തനത്തിൽ നിലവിൽ പുരോഗതിയുണ്ട്.

3). കെൽട്രോണുമായുള്ള എഗ്രിമെന്റ് പ്രകാരം ഹരിതകർമ്മസേനയ്ക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. നിലവിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്. യൂസർഫീ കളക്ഷനിൽ പുരോഗതി കൈവന്നിട്ടുണ്ട്.

സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിന്റെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് നിരന്തരമായി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## 1-23 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

2022-23 വർഷത്തിൽ ഭവന നിർമ്മാണത്തിനായി പുതിയതും സ്പിൽ ഓവറും ഉൾപ്പടെ 4 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഭവന നിർമ്മാണ പദ്ധതികളുടെ പുരോഗതി പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ താഴെ പറയുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 88, ലൈഫ് ഭവനനിർമ്മാണം - എസ്.സി | 292000000 (വികസന ഫണ്ട്-എസ്.സി.പി - 3000000 +സംസ്ഥാനാ വിഷ്കൃതം- 7200000 | 6605000 - (വികസന ഫണ്ട്-എസ്.സി.പി- 3000000 +സംസ്ഥാനാ |

| | | | |
|---|---|---|---|
| | | + ബ്ലോക്ക് ഷെയർ -3500000+ ജില്ലാ പഞ്ചായത്ത് ഷെയർ – 2500000 + മറ്റുള്ളവ - 13000000) | വിഷ്കൃതം- 900000 + ബ്ലോക്ക് ഷെയർ- 2705000) |
| 2 | 83, ലൈഫ് ഭവന നിർമ്മാണം- എസ്.സി- സ്പിൽ ഓവർ | 22355300 (സംസ്ഥാനാവിഷ്കൃതം -7000000 + ബ്ലോക്ക് ഷെയർ – 35300 + ജില്ലാപഞ്ചായത്ത് ഷെയർ – 1500000 + മറ്റുള്ളവ -13820000) | വികസന ഫണ്ട്- എസ്.സി.പി - 300000 |
| 3 | 142, ലൈഫ് ഭവന നിർമ്മാണം - ജനറൽ | 32400000 (വികസന ഫണ്ട്- ജനറൽ - 2690000 + കേന്ദ്രാവിഷ്കൃതം - 8000000 + ബ്ലോക്ക് ഷെയർ – 3334400 + ജില്ലാ പഞ്ചായത്ത് ഷെയർ –2500000 + + മറ്റുള്ളവ - 15875600) | 5405000 വികസനഫണ്ട്- ജനറൽ - 2690000 + കേന്ദ്രാവിഷ്കൃതം - 300000 + ബ്ലോക്ക് ഷെയർ –2415000) |
| 4 | 90, ലൈഫ് ഭവന നിർമ്മാണം - ജനറൽ - സ്പിൽ ഓവർ | 31479442 (വികസനഫണ്ട്- എസ്.സി.പി- 114653 + സംസ്ഥാനാ വിഷ്കൃതം-8300000 + ബ്ളോക്ക് ഷെയർ - 2363600 + ജില്ലാപഞ്ചായത്ത് ഷെയർ -2300000 + മറ്റുള്ളവ –18401189) | 720000 (വികസനഫണ്ട്- എസ്.സി.പി - 114653+ ബ്ളോക്ക് ഷെയർ -605347) |

പദ്ധതിനിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ 2022-23 ൽ കരാറിലേർപ്പെട്ടവരുടെ ഭവന നിർമ്മാണം പുരോഗമിക്കുന്നതായും മുൻവർഷങ്ങളിൽ കരാറിലേർപ്പെട്ട ഏതാനും ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റി നാളിതുവരെയും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്നും കണ്ടെത്തി. നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**1). ലൈഫ് – ജനറൽ**

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് തീയതി | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | വള്ളിയമ്മ | 24.07.2018 | 40000 | 360000 |

| | | | | |
|---|---|---|---|---|
| | W/o കൃഷ്ണൻ | | | |
| 2 | കൃഷ്ണകുമാരി W/o മാധവൻ, കാരേക്കാട് | 03.09.2018 | 360000 | 40000 |
| 3 | ചിന്ന, തിരുവാലത്തൂർ | 10.01.2019 | 40000 | 360000 |
| 4 | ഉമൈറ W/o ഹനീഫ, കനാൽ | 07.02.2019 | 300000 | 100000 |
| 5 | കോമളം W/o മുത്തു ചെവിടൻ കാവ്, കരിങ്കരപ്പുള്ളി | 01.01.2020 | 260000 | 140000 |
| 6 | സൂശീല W/o ദേവസ്സി, തൈക്കാട്ടിരി, കല്ലേപ്പുള്ളി | 27.01.2021 | 40000 | 360000 |
| 7 | സൂശീല W/o ദാമോദരൻ, കരിങ്കരപ്പുള്ളി | 15.02.2021 | 200000 | 200000 |
| 8 | ജയന്തി W/o സേതു, ഇല്ലത്തുപറമ്പ്, കിണാശ്ശേരി | 16.09.2021 | 360000 | 40000 |

**2). ലൈഫ് - എസ്.സി**

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് തീയതി | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | സുമതി W/o പ്രകാശൻ, നെല്ലിയാംപാടം, ഓലശ്ശേരി | 23.06.21 | 360000 | 40000 |
| 2 | കല്യാണി W/o ആറു, തെയ്യംകുന്നം, തിരുവാലത്തൂർ | 23.06.21 | 360000 | 40000 |
| 3 | ചാമി, തെയ്യംകുന്നം, തിരുവാലത്തൂർ | 23.06.21 | 360000 | 40000 |
| 4 | വേലായുധൻ, S/o പഴണി, | 23.06.21 | 300000 | 100000 |

| | | | | |
|---|---|---|---|---|
| | തെയ്യംകുന്നം, തിരുവാലത്തൂർ | | | |
| 5 | തങ്കമണി W/o സുബ്രഹ്മണ്യൻ, കരിങ്കരപ്പുള്ളി, അയ്യപ്പൻകാവ് | 23.06.21 | 360000 | 40000 |
| 6 | സരസ്വതി W/o ശിവൻ, താക്കറിശ്ശി ഓലശ്ശേരി | 02.08.21 | 360000 | 40000 |
| 7 | വള്ളി W/o ശിവൻ, ചക്കിങ്ങൽചള്ള, ഓലശ്ശേരി | 03.07.21 | 300000 | 100000 |
| 8 | വേലായുധൻ, കൊലവൻ, കുന്നംകാട്, കിണാശ്ശേരി | 02.08.21 | 40000 | 360000 |
| 9 | പാർവ്വതി W/o കൃഷ്ണൻകുട്ടി, പാളയംകോട്, | 02.08.21 | 200000 | 200000 |
| 10 | വെള്ളക്കുട്ടി W/o കണ്ണൻ, അയ്യപ്പൻകാവ്, കരിങ്കരപ്പുള്ളി | 14.09.21 | 340000 | 60000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/05.12.23) ഭവനപദ്ധതിയുടെ നടപടികൾ പുരോഗമിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

**1-24 പട്ടികജാതി ബിരുദ വിദ്യാർത്ഥികളുടെ പാഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് | 93/എസ്.സി. ബിരുദ വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 1000000 (വികസനഫണ്ട് - എസ്.സി.പി) |
| ചെലവ് | 375000 |
| ബിൽ നം./ തീയതി | 2/16.02.23 |

പഠനമുറി നിർമ്മാണത്തിനായി യൂണിറ്റ് കോസ്റ്റ് 200000 രൂപ വീതമാണ് നിശ്ചയിച്ചിട്ടുള്ളത്. ആകെ 5 വിദ്യാർത്ഥികൾക്ക് മുൻകൂർ തുക അനുവദിച്ചിട്ടുണ്ടെങ്കിലും വിദ്യാർത്ഥികൾ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | നൽകിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|---|
| 1 | മായ.കെ | 75000 (50000 + 25000) | 125000 |
| 2 | വരുൺ പ്രകാശ്.പി | 75000 (50000 + 25000) | 125000 |
| 3 | അഭിനന്ദ്.ആർ | 75000 (50000 + 25000) | 125000 |
| 4 | ആമി | 75000 (50000 + 25000) | 125000 |
| 5 | അജിൽ.കെ | 75000 (50000 + 25000) | 125000 |

മേൽ ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/07.12.23) പദ്ധതി സ്പിൽ ഓവറായി 2023-24 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും SCP ഫണ്ടിന്റെ കുറവു മൂലം തുക അനുവദിച്ചിട്ടില്ല എന്നും ഫണ്ട് ലഭ്യമായ ഉടൻ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-25 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വാങ്ങൽ നടപടികളിൽ അപാകം

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |
| പ്രോജക്റ്റ് നം./ പേര് | 165/23, വയോജനങ്ങൾക്ക് കട്ടിൽ വിതരണം - എസ്.സി.പി | 164/23, വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ജനറൽ |
| അടങ്കൽ | 543750 | 652500 |

| | | |
|---|---|---|
| | (എസ്.സി.പി - 543450 + തനതുഫണ്ട്-300 | വികസനഫണ്ട്-ജനറൽ - 548880 + ബ്ലോക്ക് ഷെയർ- 103620 |
| ചെലവ് | 542500 - എസ്.സി.പി | 102120 -ബ്ലോക്ക് ഷെയർ |
| ബിൽ നം. / തീയതി | 20/17.03.23 | 19/17.03.23 |

വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം 2 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇൻവോയ്സ് നം.PKD-190/28.12.2022 പ്രകാരം 150 കട്ടിലുകളും ഇൻവോയ്സ് നം. PKD-189/27.12.2022 പ്രകാരം 125 കട്ടിലുകളും ആർട്കോ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1) ജി.ഒ(സാധാ)നം.1/2021/എസ്.പി.ഡി തിയതി.05/01/2021 ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ, പ്രസ്തുത സാധനങ്ങൾ ആർട്ട്കോയിൽ നിർമ്മിക്കുന്നതാണെന്നും പുറമെ നിന്ന് വാങ്ങിയിട്ടില്ലാത്തതുമാണ് എന്ന് മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആർട്ട്കോവിന് നേരിട്ട് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള സ.ഉ(സാധാ)നം.04/2018/എസ്.പി.ഡി, തിയതി.02.02.2018 പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത കട്ടിലുകളാണ് ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

2). ജി.ഒ(പി)നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) പോർട്ടലിൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങണമെന്നത് നിർബന്ധമാക്കുകയും സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഭേദഗതിവരുത്തുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാതിരുന്നാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ആയത് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കട്ടിൽ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചതായി കാണുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/08.12.23) ഭാവിയിൽ 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM മുഖേനയോ സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെയോ മാത്രമേ വാങ്ങുകയുള്ളൂ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാങ്ങലുകളിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-26 എസ്.സി വനിതാ തൊഴിൽ സേനയ്ക്കുള്ള കാർഷികയന്ത്രം വാങ്ങൽ - രേഖകളുടെ സൂക്ഷിപ്പിൽ അപാകത**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം./ പേര് | 155, എസ്.സി വനിതാ തൊഴിൽ സേനയ്ക്കുള്ള കാർഷികയന്ത്രം വാങ്ങൽ |
| അടങ്കൽ | 275000 (എസ്.സി.പി -250000 + മറ്റുള്ളവ - 20500) |
| ചെലവ് | 250000 എസ്.സി.പി |

| | |
|---|---|
| ബിൽ നം./ തീയതി | 35/28.03.23 |

എസ്.സി വനിതാ കാർഷിക തൊഴിൽസേനയ്ക്ക് 90% സബ്സിഡിയോടുകൂടി നെൽകൃഷിക്കുള്ള നടീൽ യന്ത്രം വാങ്ങി നൽകി നെൽകൃഷിയുടെ യന്ത്രവൽക്കരണം നടപ്പിലാക്കാൻ ലക്ഷ്യമിട്ടാണ് പ്രോജക്ട് ആവിഷ്കരിച്ചത്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, പാലക്കാട് ൽ നിന്നും ഇൻവോയ്സ് നമ്പർ 874/16.03.2023, 875/16.03.2023 എന്നിവ പ്രകാരം രണ്ട് നടീൽ യന്ത്രങ്ങൾ ( KUBOTA 4 Row Walk Behind Transplanter) വാങ്ങി പുലരി, പൊൻപുലരി എന്നീ തൊഴിൽ സേനകൾക്ക് നൽകിയിട്ടുണ്ട്. നിർവ്വഹണത്തിൽ സ.ഉ(കൈ)നം.84/2022/LSGD തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പതിനാലാം പദ്ധതി മാർഗ്ഗരേഖയിലെ ഖ. 11 എ പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1). നടീൽ യന്ത്രത്തിന്റെ സംരക്ഷണം, ഉടമസ്ഥത എന്നിവ സംബന്ധിച്ച് കൃഷി ഓഫീസറും സമിതിയും തമ്മിൽ കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2) സമിതിയുടെ പ്രവർത്തനം മോണിറ്ററിംഗ് കമ്മിറ്റിയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/11.12.23) മറുപടി ലഭ്യമായില്ല.

**ഓഡിറ്റ് നിർദ്ദേശം**

നടീൽ യന്ത്രത്തിന്റെ സംരക്ഷണവും അറ്റകുറ്റപ്പണിയും സമിതി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും സമിതിയുടെ പ്രവർത്തനം നിരീക്ഷിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-27 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 90 പ്രവൃത്തികളിൽ 66 എണ്ണത്തിന് തുക ചെലവഴിച്ചിട്ടുണ്ട് (73%). വകയിരുത്തിയ 3.58 കോടി രൂപയിൽ 1.99 കോടി രൂപയാണ് തൻവർഷത്തെ ചെലവ്. 55% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

**മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം**

തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

റോഡ് പ്രവൃത്തികൾ - 41%

കെട്ടിടങ്ങൾ - 27%

കുടിവെള്ള പ്രോജക്ടുകൾ - 14%

മറ്റ് പ്രോജക്ടുകൾ - 18%

തൻവർഷത്തെ പ്രോജക്ടുകളിൽ 42% സ്പിൽ ഓവറും 58% പുതിയവയുമാണ്. തൻവർഷത്തെ 27% പ്രവൃത്തികൾ അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആയി മാറിയിട്ടുണ്ട്.

ഫയലുകൾ പരിശോധിച്ചതിൽ എഗ്രിമെന്റിൽ നിന്നും കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ലെന്ന് കണ്ടെത്തി. ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കുന്ന ടാർ ബാരലുകളുടെ വിലയുടെ ജി.എസ്.ടി പ്രത്യേകം സൂചിപ്പിക്കാതെയാണ് സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളത്. ആയതിനാൽ ബാരലുകളുടെ ജി.എസ്.ടി ഒടുക്കാതിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ലെന്നും ശ്രദ്ധയിൽപ്പെട്ടു.

കുറഞ്ഞ അടങ്കൽ വകയിരുത്തി കൂടുതൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കുന്ന വിധത്തിൽ ആസൂത്രണ നടപടികൾ കാര്യക്ഷമമാക്കുവാൻ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. വകയിരുത്തുന്ന തുകയുടെ പരമാവധി ചെലവഴിക്കുന്ന വിധത്തിൽ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റ് അപാകങ്ങൾ ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 16(1)/8-12-2023 പ്രകാരം മേൽ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്).

## 1-28 ഹരിത കർമ്മസേനയ്ക്കായുള്ള സ്ഥിരം എം.സി.എഫ് നിർമ്മാണം പ്രാവർത്തികമാക്കിയില്ല

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള എം.സി.എഫ് സംവിധാനത്തിനായി തൻവർഷം രണ്ട് പ്രോജക്ടുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ആയതിൽ സ്ഥിരം എം.സി.എഫ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് പ്രകാരം തുകയൊന്നും തൻവർഷം ചെലവഴിച്ചിട്ടില്ല. താത്കാലികാടിസ്ഥാനത്തിൽ എം.സി.എഫ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം മാത്രമാണ് ഒരുക്കി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

1. 206/23-എം.സി.എഫ് നിർമ്മാണവും മറ്റ് അനുബന്ധ സൗകര്യങ്ങളും മെച്ചപ്പെടുത്തൽ

അടങ്കൽ - 1883148 (CFC-1153268+കേന്ദ്രാവിഷ്കൃതം-729880)

18.83 ലക്ഷം രൂപ വകയിരുത്തിയെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

2. പ്രോ.നം. 35/23-ഹരിതകർമ്മസേനയ്ക്ക് എം.സി.എഫ്, ശൗചാലയം ഒരുക്കൽ

കോൽക്കാട് മിനി വ്യവസായശാലാ കോമ്പൗണ്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ രണ്ട് ഷെഡുകളും ഒരു ടോയ്‌ലറ്റും ഹരിത കർമ്മസേനയുടെ ഉപയോഗത്തിനായി താത്കാലികാടിസ്ഥാനത്തിൽ ഒരുക്കി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ - 500000 (പൊതുവിഭാഗം)
കരാറുകാരൻ - ശ്രീ.നാഗരാജൻ.പി
എഗ്രിമെന്റ് - 1/4-12-2021
ചെലവ് - 494665 (ബിൽ നം. 13/22-8-22)
എം.ബി നം.50/20-21

സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാതെ താത്ക്കാലികമായി ഏർപ്പെടുത്തിയ എം.സി.എഫിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്നത് അഗ്നിബാധ പോലുള്ള അപകടങ്ങൾക്ക് ഇടവരുത്തുന്നതാണ്.

പുതിയ എം.സി.എഫ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 16(2)/8-12-2023 നുള്ള മറുപടിയിൽ അടങ്കൽ തുക 5147040 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് പ്രോജക്ട് ആവിഷ്കരിച്ച് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്നും നടപ്പുവർഷം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-29 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ്

156/23-പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്-തുടർ പ്രവൃത്തികൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

അടങ്കൽ - 628000(വികസന ഫണ്ട് - 150500+ തനത് ഫണ്ട്-477500)

കരാറുകാരൻ - ശ്രീ.രാധാകൃഷ്ണൻ.എം

എഗ്രിമെന്റ് നം.3/28-12-2022

ചെലവ് - 477500 (തനത് ഫണ്ട്)

(Rs.312182 (വൗ.നം.344/8-3-23), Rs.165318 (460/29-3-2023))

MB-54779/2022_5_1_1

രണ്ട് നിലകളിലായി അഞ്ച് മുറികൾ വീതമുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് കാടാങ്കോട് എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്ത് നിർമ്മിച്ചുവരുന്നുണ്ട്. മുൻവർഷത്തിൽ നിർമ്മാണം ആരംഭിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ തുടർ പ്രവൃത്തികൾക്കായി തൻവർഷം 477500രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഒന്നാം നിലയുടെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

താഴത്തെ നിലയുടെ നിർമ്മാണം പൂർത്തീകരിച്ചതായും ഒന്നാം നിലയുടെ പ്രവൃത്തികൾ തുടർന്നു വരുന്നതായും ഓഡിറ്റ് അന്വേഷണം നം. 16(3)/8-12-2023 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

നിർമ്മാണം പൂർത്തീകരിച്ച താഴത്തെ നിലയിലെ മുറികൾ വാടകയ്ക്ക് നല്കി ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-30 മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചതിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല**

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസിനായും മറ്റ് തനത് ആസ്തികളുടെ സംരക്ഷണത്തിനായും തൻവർഷം മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 16(5), (6)/8-12-2023 നുള്ള മറുപടിയിൽ തുടർന്നുള്ള വർഷങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

**1-30-1 കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു**

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികളുടെ പൈപ്പ്ലൈൻ റിപ്പയർ, മോട്ടോർ റിപ്പയർ എന്നീ പ്രവൃത്തികൾക്കായി താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് വകയിരുത്തി തുക ചെലവഴിച്ചിട്ടുണ്ട്.

**എ) 76/22, 43/23-കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ്**

അടങ്കൽ - 400000 (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.പത്മകുമാർ.കെ.കെ

എഗ്രിമെന്റ് നം.38/7-2-2022

ചെലവ് - 399963 രൂപ

Rs,266249 (2021-22) + Rs. 133714 (18/13-9-22)

MB-152/21-22

**ബി) 99/23- കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ്**

അടങ്കൽ - (459029-മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.പത്മകുമാർ.കെ.കെ

എഗ്രിമെന്റ് നം.9/4-1-2023

ചെലവ് - 210891 രൂപ (39/16-3-23)

MB-54779/2022_5_1_1

G.O.(Ms)No.118/2022/LSGD Dated 04-06-2022 പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ കുടിവെള്ള പദ്ധതികൾക്കായി മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നത് വിലക്കിയതിനുശേഷവും പ്രോജക്ട് ആവിഷ്കരിച്ച് (99/23) തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നവിധത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതും ആയതിനനുസരിച്ച് പ്രോജക്ടുകൾ ആവിഷ്കരിച്ച് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

**1-30-2 ജനകീയ ഹോട്ടൽ അറ്റകുറ്റപ്പണിക്ക് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു**

184/23-ജനകീയ ഹോട്ടൽ അറ്റകുറ്റപ്പണി

അടങ്കൽ -313500 (285000-മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്+28500-പൊതുവിഭാഗം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.ശശി.ജി

എഗ്രിമെന്റ് നം.29/3-2-2023

ചെലവ് - 222454 (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

ബിൽ നം. 41/24-3-2023

MB-49095/2022_5_1_1

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി ചെലവഴിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് വിഹിതം തനത് ആസ്തിയുടെ സംരക്ഷണത്തിനായി ചെലവഴിച്ചത് ക്രമപ്രകാരമല്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നവിധത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതും ആയതിനനുസരിച്ച് പ്രോജക്ടുകൾ ആവിഷ്കരിച്ച് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

**1-31 ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്**

തൻവർഷം പൂർത്തീകരിച്ച വിവിധ ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലുകളിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടി യും ഉൾപ്പെടെ ബാരൽ ഒന്നിന് 283വീതം കണക്കാക്കി ആകെ 85981 രൂപ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (ഹെഡ്-150120102). ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്താതെയാണ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്.

ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 16(9)/8-12-2023 നുള്ള മറുപടിയിൽ ജി.എസ്.ടി അടവാക്കി അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ജി.എസ്.ടി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ 2017 ലെ SGST/CGST നിയമം സെക്ഷൻ 51(6) പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഈടാക്കിയ നികുതി കൃത്യമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

**1-32 നടപടിക്രമങ്ങളിലെ കാലതാമസം കാരണം പ്രവൃത്തിയുടെ പൂർത്തീകരണം വൈകി**

89/21, 28/23 – പ്ലാക്കോണം കുടിവെള്ള പദ്ധതി

അടങ്കൽ - 300000 രൂപ (CFC)

കരാറുകാരൻ - ശ്രീ.പത്മകുമാർ.കെ.കെ

എഗ്രിമെന്റ് നം. 11/7-7-2020

ചെലവ് - 279435

(96/10-3-21-Rs.116613 +

ബിൽ നം. 9/11-7-2022-Rs.162822)

അളവു പുസ്തകം - 133/19-20, 164/21-22

കരാറുകാരന് സ്ഥലം കൈമാറിയത് 7-7-2020 നാണ്. ഭൂഗർഭജല വകുപ്പിന്റെ സർവ്വേ റിപ്പോർട്ട് 14-9-2020 ന് ലഭ്യമാവുകയും 28-9-2020 ന് കുഴൽ കിണർ കുഴിക്കുകയും ചെയ്തു. 5-10-2020 ന് യീൽഡ് ടെസ്റ്റിനുള്ള തുക ഒടുക്കിയെങ്കിലും റിപ്പോർട്ട് ലഭ്യമായത് 18-5-2021 ന് മാത്രമാണ്. സിംഗിൾ ഫേസ് കണക്ഷനു പകരം ത്രീഫേസ് കണക്ഷൻ ലഭിക്കുന്നതിനായി 85981 രൂപ ഒടുക്കേണ്ടതാണെന്ന് കെ.എസ്.ഇ.ബി ആവശ്യപ്പെട്ടത് പ്രകാരം പുതിയ പ്രോജക്ട് രൂപീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടതായി ഓഡിറ്റ് അന്വേഷണം നം. 16(8)/8-12-2023 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ 6-1-2021 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 19-4-2022 നാണ് പൂർത്തീകരിച്ചത്.

2012 ലെ കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതുമല്ല. PWD മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തിയുടെ പൂർത്തീകരണ തിയതി ദീർഘിപ്പിച്ചു നൽകുവാനുള്ള അപേക്ഷ സമർപ്പിക്കുകയോ ഔദ്യോഗികമായി ദീർഘിപ്പു നൽകുകയോ ചെയ്യാതിരുന്നത് PWD മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

കുടിവെള്ള പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്ന വിധത്തിൽ സർവ്വേ നടപടികൾ, വൈദ്യുതീകരണം മുതലായ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള ഇടപെടൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

തുടർന്നുള്ള പ്രവൃത്തികളിൽ PWD മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-33 ഫർണീച്ചറുകൾ നേരിട്ട് വാങ്ങിയതിൽ മാനദണ്ഡങ്ങൾ പാലിച്ചില്ല**

| | |
|---|---|
| പ്രോജക്ട് | S061/22 ജി എൽ പി എസ് തിരുവാലത്തൂർ സ്കൂൾ ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 303280 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 300000 |
| ബിൽ നം, | 1/07.05.2022 |

| | |
|---|---|
| തീയതി | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി എൽ പി എസ് |

ജി എൽ പി എസ് തിരുവാലത്തൂരിലേക്ക് ആവശ്യമായ ഫർണീച്ചറുകൾ ARTCO എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. വാങ്ങിയ ഫർണീച്ചറുകളിൽ സർക്കാർ സ്ഥാപനം നിർമ്മിക്കാത്ത ഫർണിച്ചറുകളും ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആർട്കോ ബിൽ നം., തുക – 605/30.03.2022, 3,00000 രൂപ

| ക്രമ നം. | ഉൽപ്പന്നം | എണ്ണം | തുക |
|---|---|---|---|
| 1 | St944-Nilkamal Plastic Chair With Arm | 60 | 46728 |
| 2 | St946-Nilkamal Plastic Baby Chair | 13 | 6228 |

G.O(P)No.4/2018/SPD Dated 2-2-2018 നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിൽ സൂചിപ്പിക്കാത്ത സാധനങ്ങൾ നേരിട്ട് വാങ്ങിയതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/5.12.23) മറുപടിയായി അറിവില്ലായ്മമൂലം വാങ്ങിയതാണെന്നും തുടർന്ന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

<u>2. ആർട്ട്കോ യിൽ നിന്നുള്ള വാങ്ങലിന്മേൽ ജി എസ് ടി കിഴിവ് നടത്തിയില്ല</u>

- കേന്ദ്ര ഗുഡ്സ് & സർവ്വീസസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേരള ഗുഡ്സ് & സർവ്വീസസ് ആക്ട് 2017 ലെ സെക്ഷൻ 51(1) എന്നിവ പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% നിരക്കിൽ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം. ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS (TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

  2022-23 വർഷത്തിൽ എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം ആർട്ട്ക്കോയിൽ നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

  മേൽ പറഞ്ഞ വാങ്ങലിന് പണം നൽകിയ വേളയിൽ 2% നിരക്കിൽ ടി.ഡി.എസ് ഈടാക്കാതെ തുക

പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/5.12.23) മറുപടിയായി തുടർന്നുള്ള വർഷങ്ങളിൽ ടി.ഡി.എസ് ഈടാക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

* സാധനങ്ങൾ നേരിട്ട് വാങ്ങുമ്പോൾ സർക്കാർ ഉത്തരവിൽ സൂചിപ്പിച്ച സാധനങ്ങൾ മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

* ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

* സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 MGNREGS മെറ്റീരിയൽ പ്രവൃത്തികളിൽ വിതരണക്കാരന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

സി.ജി.എസ്.ടി ആക്ട്, 2017 ലെ സെക്ഷൻ 51(1), കെ.ജി.എസ്.ടി ആക്ട്, 2017 ലെ സെക്ഷൻ 51(1) എന്നിവ പ്രകാരം 2.50 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുകയുള്ള വാങ്ങലുകളുടെ കാര്യത്തിൽ 1% ജി.എസ്.ടി - ടി.ഡി.എസ് നടത്തേണ്ടതാണ്. 08.03.19 ലെ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തേയും മുൻവർഷത്തേയും MGNREGS മെറ്റീരിയൽ പ്രവൃത്തികൾക്കായി സാധനങ്ങൾ വിതരണം ചെയ്ത സപ്ലൈയറുടെ ബില്ലുകളിൽ നിന്നും GST ടി.ഡി.എസ് നടത്തിയിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) 2022-23 വർഷത്തിൽ സപ്ലൈയർക്ക് അനുവദിച്ച തുകയുടെ വിവരം

54 ഇനം മെറ്റീയലുകൾ സപ്ലൈ ചെയ്യുന്നതിനായി 12-7-2022 ന് നടന്ന ഇ-ടെണ്ടറിൽ ശ്രീ.കെ.സുന്ദരൻ, കാക്കത്തറ എന്നയാളുടെ ടെണ്ടർ അംഗീകരിക്കുകയും എഗ്രിമെന്റ് ചമയ്ക്കുകയും ചെയ്തിട്ടുണ്ട്.

എഗ്രിമെന്റ് തിയതി - 26-11-2022

കരാർ തുക - 8000000 രൂപ

തൻവർഷം സാധനങ്ങൾ സപ്ലൈ ചെയ്ത വകയിൽ താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | തുക | നൽകിയ തിയതി |
|---|---|---|---|
| 1 | മിനി എം.സി.എഫ് - കാടാങ്കോട് | 36049 | 27-3-2023 |
| 2 | മിനി എം.സി.എഫ് - കൊടുമ്പ് | 36013 | 27-3-2023 |
| 3 | മിനി എം.സി.എഫ് - ഓലശ്ശേരി | 36049 | 24-3-2023 |

| | | | |
|---|---|---|---|
| 4 | മിനി എം.സി.എഫ് - കല്ലിങ്കൽ | 36049 | 24-3-2023 |

**ബി) 2021-22 വർഷത്തെ പ്രവൃത്തികൾ**

മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി മുൻവർഷത്തിൽ ഏർപ്പെട്ട കരാർ പ്രകാരം തൻവർഷം സപ്ലൈയർക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വിതരണക്കാരൻ - ശ്രീ.കെ.സുന്ദരൻ

| ക്രമ നം. | പ്രവൃത്തി | തുക | നൽകിയ തിയതി |
|---|---|---|---|
| 1 | കല്ലിങ്കൽ ഉത്തക്കുഴി റോഡ് കോൺക്രീറ്റിംഗ് | 255593 | 5-9-2022 |
| 2 | ചിറപ്പാടം അഞ്ഞംകോട് റോഡ് കോൺക്രീറ്റിംഗ് | 268274 | 29-8-2022 |

വിതരണക്കാരന്റെ ബില്ലിൽ നിന്ന് തന്നെ 2% GST TDS നടത്തുവാൻ വിട്ടുപോയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12/7-12-2023 നുള്ള മറുപടിയിൽ നിലവിൽ ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിൽ വീഴ്ച വരുത്തിയാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നിയമാനുസൃത പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 2-12-2023 മുതൽ 13-12-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

**4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 370588 | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 0 | 370588 |
| | 2019-20 | 1129412 | ലൈഫ് ഭവന നിർമ്മാണം-എസ്.സി | 0 | 1129412 |
| | 2019-20 | 483905 | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 0 | 483905 |
| | 2019-20 | 45840 | പാലിയേറ്റീവ് കെയർ | 0 | 45840 |
| | 2022-23 | 1124000 | 136/23-നെൽകൃഷിക്ക് കൂലിച്ചെലവ് | 1124000 | 0 |
| | | 200000 | 19/23-പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 2705000 | 88/23-ലൈഫ് ഭവനം-എസ്.സി | 2705000 | 0 |
| | | 2415000 | 142/23-ലൈഫ് ഭവനം-ജനറൽ | 2415000 | 0 |
| | | 605347 | 90/23-ലൈഫ് ഭവനം-ജനറൽ | 605347 | 0 |
| | | 200000 | 166/23-ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| | | 102120 | 164/23-വയോജനങ്ങൾക്ക് കട്ടിൽ | 102120 | 0 |

| | | | | | |
|---|---|---|---|---|---|
| | | 60000 | 199/23-ക്ഷീരകർഷകർക്ക് ഇൻസൻറീവ് | 60000 | 0 |
| | | 1686138 | 159/23-കമ്മ്യൂണിറ്റി ഹാൾ നവീകരണം | 1686138 | 0 |
| | | 416280 | 216/23-SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 416280 | 0 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2022-23 | 1409200 | 136/23-നെൽകൃഷിക്ക് കൂലിച്ചെലവ് | 1409200 | 0 |
| | | 300000 | 166/23-ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | 0 |
| | | 30000 | 199/23-ക്ഷീരകർഷകർക്ക് ഇൻസൻറീവ് | 30000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 11/23-സ്ട്രീറ്റ് ലൈൻ നീട്ടൽ | 288/ 03-02-2023 | 500000 (CFC) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| | | 422006075/ 31-12-22 | 595984 (തനത് ഫണ്ട്) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 22327697 | 0 (*) | 22327697 | 3639362 (**) | - | 18688335 |

(*) വാർഷിക കണക്കിലെ RP-31 Secured Loans (R)(330500201) 1500000/- രൂപ ലോൺ വരവായി തെറ്റായി ചേർത്തിട്ടുണ്ട്. ആയത് യഥാർത്ഥത്തിൽ സംസ്ഥാന വിഹിതമായി ലഭിച്ച തുകയാണ്. യഥാർത്ഥ നീക്കിയിരിപ്പ് 18688335/- രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ B-5 Secured Loans (330500201) പ്രകാരമുള്ള നീക്കിയിരിപ്പ് 20188335/- രൂപയാണ്. വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

(**) നാല് ജി.ഒ പ്രോജക്ടുകൾ പ്രകാരം 3639362/- രൂപ സ്രോതസ്സിൽ നിന്നും കുറവു ചെയ്തിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 11581250 |
| തൻവർഷം നിക്ഷേപിച്ച തുക | 1720298 |
| ആകെ | 13301548 |
| നന്നാണ്ടിൽ പിൻവലിച്ച നിക്ഷേപം | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13301548 |

സ്ഥിരനിക്ഷേപത്തിന്റെ വിവരം

പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക്, കൊടുമ്പ് ബ്രാഞ്ചിൽ 20-5-2022 ന് 13301548 രൂപ നിക്ഷേപിച്ചു. കാലാവധി: 22-3-22 മുതൽ 22-3-2024 വരെ രണ്ട് വർഷം.

സർട്ടിഫിക്കറ്റ് നം. / തിയതി: 0004201047110/22-3-2022

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-12 Investment –General Fund പ്രകാരം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം 11581250 രൂപയാണ്. 2022-23 ൽ സ്ഥിരനിക്ഷേപം പുതുക്കി നിക്ഷേപിച്ചതിനനുസരിച്ച് ബാലൻഷ് ഷീറ്റിൽ നീക്കിയിരിപ്പ് തുക ക്രമീകരിച്ചിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

മൂന്ന് ഹെഡുകളിലായി ഓഡിറ്റ് റിക്കവറിയിനത്തിൽ 393468/-രൂപ (291073+68838+33557) തൻവർഷം വരവ് വെച്ചിട്ടുണ്ട്. ആയതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരമുള്ള 65117 രൂപയുടെ വരവ് താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. /തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2019-20 | 1-19 | 5969 | 1220202792/ 18-10-2022 | ശ്രീ.അരുൺ.എസ്.ആർ, അസി.എഞ്ചിനിയർ |
| 2019-20 | 3-1 | 16660 | 42200323 / 19-8-2022 | ശ്രീ.അരുൺ.എസ്.ആർ, അസി.എഞ്ചിനിയർ |

| | | | | |
|---|---|---|---|---|
| 2019-20 | 3-1 | 17612 | 42200323 / 19-8-2022 | ശ്രീ.അരുൺ.എസ്.ആർ, അസി.എഞ്ചിനിയർ |
| 2013-14 & 2014-15 | 3-10 | 415 | 1220203218/ 18-11-2022 | ശ്രീമതി.റീജ.എസ്.രാജ്, അസി.എഞ്ചിനിയർ |
| 2013-14 & 2014-15 | 3-11 | 8640 | 1220203219/ 18-11-2022 | ശ്രീമതി.റീജ.എസ്.രാജ്, അസി.എഞ്ചിനിയർ |
| 2013-14 & 2014-15 | 3-9 & 3-11 | 15821 | 1220204761/ 10-2-2023 | ശ്രീമതി.റീജ.എസ്.രാജ്, അസി.എഞ്ചിനിയർ |
| ആകെ | | 65117 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രത്യേക റിപ്പോർട്ട്- 2015-16 | അവ ലോകനം | 2015-16 | II.5.2 | ഗ്രാമപഞ്ചായത്തു കളിലെ കമ്പ്യൂട്ടർവത്ക്കരണം- അവലോകനം | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല |
| 2014-15 | 2.6 | 2016-17 | Anne Xure 3 | വസ്തു നികുതി- അവലോകനം | |
| 2014-15 | 2.1, 2.2, 2.3, 2. | 2016-17 | Anne Xure 4 | തൊഴിൽ നികുതി- അവലോകനം | |
| 2015-16 | 2.2 | 2016-17 | Anne Xure 5 | തൊഴിൽ നികുതി- അവലോകനം | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | തുക (രൂപ) |
|---|---|

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 40659528 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 30397634 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-പികെഡി-14/838/2018 തിയതി 22-11-2018 (അദാലത്ത്) | 2 |
| 1998-99 | | 2 |
| 1999-2000 | | 2 |
| 2000-01 | | 1 |
| 2001-02 | നം കെ.എസ്.എ-പി.കെ.ഡി 14/841/22 തീയതി 29.11.22 (അദാലത്ത്) | 7 |
| 2002-03 | | 11 |
| 2003-04 | | 3 |
| 2004-05 | | 3 |
| 2005-06 | | 1 |
| 2006-07 | | 1 |
| 2007-08 | | 7 |
| 2009-10, 2010-11 | | 9 |
| 2011-12 | | 11 |
| 2012-13 | നം കെ.എസ്.എ-പി.കെ.ഡി 14/1947/22 തീയതി 29.11.22 | 9 |
| 2013-14, 2014-15 | | 4 |

| | | |
|---|---|---|
| 2015-16 | നം കെ.എസ്.എ-പി.കെ.ഡി 14/841/22 തീയതി 29.11.22 | 13 |
| 2016-17 | | 14 |
| 2017-18 | | 7 |
| 2018-19 | | 7 |
| 2019-20 | നം.കെ.എസ്.എ-പികെഡി14/301/2022 തീയതി: 14/03/2022 | 31 |
| 2020-21 | നം.കെ.എസ്.എ-പികെഡി14/456/2022 തീയതി:07/07/22 | 21 |
| 2021-22 | No.KSA.PKD.14-376/23 /12-4-23 | 10 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 25-08-2023 and submitted on 25-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kodumb Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kodumb Grama Panchayat for the year 2022-2023

**Date: 28/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kodumb Grama Panchayat for the Year 2022-2023 .

**1.Major Observations**

---

**2.Other Observations**

1. Basic ratios and Notes to accounts as per Rule 62(e) (f) of Kerala Panchayath Raj(Accounts) Rules, 2011 not included with AFS.

2. As per Cash flow statement **Net increase/decrease in cash and cash equivalents** is Rs.10261894/-. But in the same statement **Net cash generated by Operating + Investing + Financing Activity** is shown as Rs.12747836/-. Eventhough both the figures should match as per accounting standards, there exists difference in the statement submitted.

3. Cheques not encashed even after completion of years. Account No. PSCB- Kodumbu -368
Amount shown as **Cheque deposited but not collected is** not encashed till 30-11-2023. Details are as shown below.

| Sl. No. | Cheque No. | Date | Amount |
|---|---|---|---|
| 1 | 15204 | 15.03.2021 | 1000 |
| 2 | 15208 | 15.03.2021 | 500 |
| **Total** | | | **1500** |

4. An amount of Rs.144900 is shown under the head **Liability in respect of stale cheque (350800101, RP-35(R)).**
The following cheques issued on 31-3-2023 are also included under the head stale cheque.

| Sl. No. | Cheque No. | Date | Amount |
|---|---|---|---|
| 1 | 123456 | 31-03-2023 | 15000 |
| 2 | 123456 | 31-03-2023 | 30000 |
| 3 | 123 | 31-03-2023 | 6000 |

5. MNREGS expenditure amount is shown in Annual Financial Statement only partially. Actual Expenduture as per MNREGS accounts is Rs.24663310. But in AFS expenditure (I6+B3) is shown as Rs.7324267/- There exists a difference Rs.17339043 in the expenditure.

6. Value of Fixed deposit shown in Balance Sheet is less than that of actual amount.
Fixed depoist amount on 20-5-2022 in Polpully Co-Operative Bank-Kodumbu branch is Rs.13301548. As per AFS Schedule **B-12 Investment General Fund**, Fixed Deposit amount is shown as Rs.11581250. Diffence not rectified.

7. Beneficiary Contribution balance shown in B-4 is incorrect. Unspent Beneficiary Contribution as per 2021-22 B-4 schedule is Rs16810/-. As per RP(30) of current year, Beneficiary contribution receipt is Rs 567980/-. Expenditure for various projects is Rs.540000/-. Unspent amount is Rs.44790/-. But, beneficiary contribution balance as per B-4 schedule is 169790/-. Difference not rectified.

8. KURDFC loan account balance shown in AFS is incorrect. The Life Mission State Share amount of Rs.1500000 is wrongly shown under the head Secured loan in RP-31 (330500201).
Acual balance of KURDFC loan is Rs.18688335. But in the B-5-Secured Loans (330500201) shedule, balance amount is Rs.20188335. Difference of Rs.1500000 not rectified.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക കണക്ക് – വിവിധ പത്രികകളുടെ സംക്ഷിപ്തം

1.

| | | | |
|---|---|---|---|
| **Kodumb Grama Panchayat RECEIPT & PAYMENT STATEMENT** | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 18256100.00 |
| Cash | Cash | RP-40(a) | 126979.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1934330.00 |
| 130000000 | Rental income from Panchayat Properties | RP-3 | 290774.00 |
| 140000000 | Fees & User Charges | RP-4 | 1828468.00 |
| 150000000 | Sale & Hire Charges | RP-5 | 270591.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11928000.00 |
| 171000000 | Interest Earned | RP-9 | 558667.00 |
| 190000000 | Prior Period Income | RP-11 | 40480.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 9779106.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10810061.00 |
| 460000000 | Loans, Advances and Deposits | RP-49 | 4000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 398118.00 |
| 330000000 | Secured Loans | RP-31 | 1500000.00 |
| 340000000 | Deposits Received | RP-33 | 229457.00 |
| 350000000 | Other Liabilities | RP-35 | 1087476.00 |

| | | | |
|---|---|---|---|
| | **Grand total** | | **59042607.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 110575.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 7.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1256531.00 |
| 460000000 | Loans, Advances and Deposits | RP-49 | 1369052.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 119600.00 |
| 350000000 | Other Liabilities | RP-35 | 27541869.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 28619643.00 |
| Cash | Cash | RP-40(b) | 25330.00 |
| | **Grand Total** | | **59042607.00** |

2.

| **Kodumb Grama Panchayat INCOME & EXPENDITURE STATEMENT** | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8679302.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 515342.00 |
| 140000000 | Fee & User Charges | I-4 | 3619818.00 |
| 150000000 | Sale & Hire Charges | I-5 | 270591.00 |
| 160000000 | Revenue Grants, Funds, Contributions & | I-6 | 101783191.00 |

| | | | |
|---|---|---|---|
| | Compensations / Subsidies | | |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 558667.00 |
| 180000000 | Other Income | I-9 | 414778.00 |
| 190000000 | Prior Period Income | I-19 | 1396381.00 |
| | **Total Income** | | **115841689.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11918618.00 |
| 220000000 | Administrative Expenses | I-11 | 1289521.00 |
| 230000000 | Operations & Maintenance | I-12 | 2394831.00 |
| 240000000 | Interest & Finance Charges | I-13 | 2546.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8686352.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 31883460.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 8450587.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 3911164.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 38723000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 899187.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |

| | | | |
|---|---|---|---|
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | **Total Expenditure** | | **108159266.00** |
| | **Gross Surplus / Deficit of income over Expenditure** | | **7682423.00** |
| | **Gross Surplus / Deficit of income over Expenditure** | | **9078804.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **1396381.00** |

3.

| **Kodumb Grama Panchayat BALANCE SHEET** | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 44864712.65 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 33800.00 |
| 312000000 | Reserves | B-3 | 94132767.00 |
| | **Total Reserve & Surplus** | | **139031279.65** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10743658.00 |
| | **Total Grants, Contributions for Specific Purposes** | | **10743658.00** |

| | | | |
|---|---|---|---|
| | **Loans** | | |
| 330000000 | Secured Loans | B-5 | 20188335.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **20188335.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1674609.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2250569.35 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3925178.35** |
| | **TOTAL LIABILITIES** | | **173888451.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 7997911.00 |
| 412000000 | Capital Work in Progress | B-11(b) | 1298219.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 4518673.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 23834248.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 71350469.00 |
| 416000000 | Accumulated Depreciation | B-11(a) | -9921470.00 |
| | **Total Fixed Assets** | | **99078050.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 11581250.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **11581250.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 11378711.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 21530335.00 |
| 450000000 | Cash and Bank Balance | B-17 | 28644973.00 |
| 460000000 | Loans, Advances and Deposits | B-18 | 1675132.00 |

| | | | |
|---|---|---|---|
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **63229151.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **173888451.00** |

**Deputy Director**